Vol.XXV No. 12 December 2010

# യേശു ജീവിക്കുന്നു

Yesu Jeevikkunnu

A Publication of Grace Ministries of India

# ആത്മീയ മഹാസംഗമങ്ങളുടെ നാട്ടിൽ സമാധാന സന്ദേശവുമായി ഗ്രെയ്സ് ഫെസ്റ്റ്

**ഉ**ത്തർ പ്രദേശിലെ പ്രധാന പട്ടണമായ അലഹബാദിന്റെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്നകട്ട്റ മിഷൻ കോമ്പൗണ്ടിൽ ഗ്രെയ്സ് മിനിസ്ട്രീസ് ഒഫ് ഇന്ത്യയുടെയും ആത്മീയ സംഗമം നടക്കുന്നതും ഈ പട്ടണത്തിലാണ്. മൂന്നു നാൾ നീണ്ടു നിന്ന അലഹബാദ് ഗ്രെയ്സ് ഫെസ്റ്റ് 2010-ന്റെ ചെയർമാനായി അലഹബാദ് തിയോളജിക്കൽ സെമിനാരി പ്രിൻസിനായ പാസ്റ്റർ പി. എം. തോമസ് പ്രാർത്ഥിച്ച് ഉത്ഘാടനം ചെയ്യുകയുണ്ടായി. പ്രസ്തുത സമ്മേളനത്തിൽ ദീർഘകാലം ഹിമാലയൻ പ്രദേശങ്ങളിൽ സുവിശേഷവുമായി കടന്നു റൈറ്റ്. റവ. ജഗ്ദാരി മസി സമാപന യോഗത്തിൽ അദ്ധ്യക്ഷനായിരുന്നു. ഗ്രെയ്സ് മിനിസ്ട്രീസ് ഒഫ് ഇന്ത്യ നടത്തുന്ന പ്രേഷിത പ്രവർത്തനങ്ങൾക്കു വേണ്ടി ബിഷപ്പ് പ്രാർത്ഥി








*അലഹബാദ് ഗ്രെയ്സ് ഫെസ്റ്റ് 2010-ലെ ചില ദൃശ്യങ്ങൾ*

അലഹബാദിലെ ക്രൈസ്തവ സഭകളുടെയും സഹകരണത്തോടെ നവംബർ 11, 12. 13 തീയതികളിൽ നടത്തപ്പെട്ടു.

ഇന്ത്യയിലെ ഏറ്റവും വലിയ ഹൈകോടതി സ്ഥിതി ചെയ്യുന്നതും ലോകത്തിലെ ഏറ്റവും വലിയ പ്പാൾ ഡോ. സുന്ദർരാജും ജനറൽ കോ-ഓർഡിനേറ്ററായി A. G ചർച്ച്, അലഹബാദ് ഏരിയാ ഡയറക്ടർ പാസ്റ്റർ സി. പി. രാജയും പ്രവർത്തിച്ചു.വ്യാഴാഴ്ച വൈകിട്ട് നടന്ന ഉത്ഘാടന യോഗത്തിൽ ഹിമാലയൻ ഇവാൻജലിക്കൽ മിഷന്റെ സ്ഥാപക ചെന്ന് നിരവധി സഭകൾ സ്ഥാപിച്ച് പയനിയർ മിഷൻ പ്രവർത്തനങ്ങൾ നടത്തിയ പാസ്റ്റർ പി. എം. തോമസിനെ ആദരിക്കുകയുണ്ടായി. ശനിയാഴ്ച നടന്ന സമാപന സമ്മേളനത്തിൽ അലഹബാദ് ഇവാൻജലിക്കൽ ചർച്ച് ഒഫ് ഇന്ത്യയുടെ ബിഷപ്പ് ക്കുകയുണ്ടായി.

ഈ മഹാസംഗമത്തിൽ അലഹബാദിലും പരിസര പ്രദേശങ്ങളിലുമുള്ള നാനാ ജാതിമതസ്ഥരായ ആയിരക്കണക്കിനാളുകൾ ദൈവവചനം ശ്രവിക്കുവാൻ ഉത്സാഹത്തോടെ എത്തി ചേർന്നു.

(ശേഷം. 2-ാം പേജിൽ)

## ഗ്രെയ്സ് ഫെസ്റ്റ് 2011 സുവാർത്ത മഹായോഗവും രോഗശാന്തി ശുശ്രൂഷയും

**2011 ജനുവരി 1 മുതൽ 4 വരെ**
**സാൽവേഷൻ ആർമി ഗ്രൗണ്ട്**
**കവടിയാർ, തിരുവനന്തപുരം**



### ബ്രദർ. ഡി. ജെ. അജിത്കുമാർ പ്രസംഗിക്കുന്നു

**ആഴമേറിയ ദൈവീക വെളിപ്പാടുകളുടെ സാരം മനസ്സിലാക്കുവാനും, സകലവിധ കഷ്ടനഷ്ടങ്ങളിൽ നിന്നും എഴുന്നേറ്റ് ലക്ഷ്യപ്രാപ്തിയിലേക്ക് ജീവിതയാത്രയെ മുന്നോട്ട് നയിക്കുവാനും പട്ടണനിവാസികൾക്ക് ഒരുങ്ങിടാം.**

ഏവർക്കും സ്വാഗതം

ഗ്രെയ്സ് മിനിസ്ട്രീസ് ഒഫ് ഇന്ത്യ,
പി. ഒ. ബോക്സ് 818, നാന്തൻകോട്
തിരുവനന്തപുരം

കൂടുതൽ വിവരങ്ങൾക്ക്: 9447242231, 04712311439

## ക്രിസ്തുമസ് ആശംസകൾ

**ലോ**കം മുഴുവൻ ആഹ്ലാദത്തോടും, ആനന്ദത്തോടും കൂടി ക്രിസ്തുമസ് ആഘോഷിക്കുന്ന ഈ സന്ദർഭത്തിൽ, മനുഷ്യവർഗ്ഗത്തെ താഴ്ചയുടെ നടുവിൽ നിന്ന് ഉയർത്തുവാൻ കഴിയുന്നതാണ് ദൈവത്തിന്റെ അതുല്യ സ്നേഹം എന്ന സന്ദേശത്തിലൂടെ ക്രിസ്തുനാഥന്റെ ജന്മദിനം ആഘോ





ഷിക്കുന്ന വേളയിൽ ക്രിസ്തുവിന്റെ യഥാർത്ഥ നന്മ നമുക്കൊപ്പം ഭാരതത്തിലേയും അയൽ രാജ്യങ്ങളിലേയും ജനകോടികൾക്കും പകരപ്പെടുന്നതാകട്ടെ ഈ ക്രിസ്തുമസ് ദിനങ്ങൾ എന്ന് ആശംസിക്കുന്നു. എല്ലാ മാന്യ വായനക്കാർക്കും ജി.എം.ഐ കുടുംബത്തിന്റെ ക്രിസ്തുമസ് ആശംസകൾ.

**ജി.എം.ഐ കുടുംബം**

## നേപ്പാളിലെ ഗ്രാമങ്ങൾക്കുള്ള രക്ഷാദൂത് ജി.എം.ഐ മിഷണറിമാരിലൂടെ

നേപ്പാളിൽ പ്രവർത്തിക്കുന്ന ജി.എം.ഐ മിഷണറിമാരുടെ ആത്മാർത്ഥമായ പ്രവർത്തനം മുഖാന്തരം അനേകർ ക്രിസ്തുവിന്റെ സ്നേഹം രുചിച്ചറിയുവാൻ ഇടയാകുന്നു. ഭവനങ്ങൾ സന്ദർശിച്ച് സുവിശേഷം അറിയിക്കുന്നതിനും ലഘുലേഖകൾ വിതരണം ചെയ്യുന്നതിനും പുറമെ പരസ്യയോഗങ്ങൾ ക്രമീകരിച്ച് സത്യവചനം പ്രസ്താവിക്കുന്നതിനും പ്രിയ സഹോദരന്മാർ ഉത്സുകരാണ്.

നവൽ പരാസിയിലെ തികലക്പൂർ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സഹോ. ദാൽബഹാദൂർ ഗുരുംഗ് വാർദ്ധക്യത്തിലും വളരെ ശുഷ്ക്കാന്തിയോടെ ദൈവരാജ്യവിസ്തൃതിയ്ക്കായി അദ്ധ്വാനിക്കുന്നു. തന്റെ ശുശ്രൂഷയിലൂടെ സൽബാസ് ഗ്രാമത്തിലെ സോം ബഹദൂർ ബിഷ്വകർമ്മ, ചാലിമാമാ ബിഷ്വകർമ്മ, മൻബാവാ ബിഷ്വകർമ്മ; സപര്യ ഗ്രാമത്തിലെ മീനാചൗധരി, ശാരദാ ചൗധരി; ബർദാഗട്ടിലെ ആഷാ ചൗധരി എന്നീ വ്യക്തികൾ രക്ഷയുടെ അനുഭവത്തിലേക്ക് കടന്നുവന്നു.

നാംസലിംഗ് ജില്ലയിൽ പ്രവർത്തിക്കുന്ന സഹോ. ഡേവിഡ് ബറെയിലിയും തന്റെ പത്നിയോടൊപ്പം അറുഗട്ട, സിംലാ, നവാൽ ഗോൺ, ബേൻഗോൺ എന്നീ ഗ്രാമങ്ങളിൽ കടന്നുപോയി ദൈവചനം അറിയിക്കുന്നു. അറുഗട്ട ഗ്രാമത്തിലെ രജിന, ബിഷ്വകർമ്മ, കുമാർ ബിഷ്വകർമ്മ എന്നീ വ്യക്തികളെ രക്ഷയുടെ അനുഭവത്തിലേക്ക് നയിക്കുവാൻ ഇവരുടെ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞു.

ഇല്ലം ജില്ലയിലെ സമിൽബോംഗ് ഗ്രാമത്തിൽ പ്രവർത്തിക്കുന്ന സഹോ. സ്റ്റീഫൻ സുബ്ബയുടെ പ്രവർത്തനങ്ങൾ അനുഗ്രപ്രദമായി മുന്നോട്ട് പോകുന്നു. ഭവനങ്ങൾ സന്ദർശിച്ച് സുവിശേഷം അറിയിക്കുന്നതു കൂടാതെ ലഘുലേഖകൾ വിതരണം ചെയ്യുന്നതിനും വ്യക്തിപരമായി സുവിശേഷം അറിയിക്കുന്നതിനും ഉത്സുകനായ തന്റെ ശുശ്രൂഷയിലൂടെ ദയാബാരി ഗ്രാമത്തിലെ ബലറാം, രൂപക് എന്നി വ്യക്തികൾ രക്ഷിക്കപ്പെട്ടു. സമൽബോഗ് ഗ്രാമത്തിലെ അഷ്മൻ ലിം, സരൺലിം, ആഷാമായ എന്നീ വ്യക്തികൾ ജലസ്നാനമേൽക്കുവാനും കർത്താവ് സഹായിച്ചു.

പിത്തൗളി, ലോഗോയി, കുടൗളി, ലാവു ഗയ്, രാജ്മണ്ഡൽ, ഗഹരിയ, പ്രഗതിനഗർ, രണിതാർ എന്നീ ഗ്രാമങ്ങളിൽ പ്രവർത്തിക്കുന്ന സഹോ. ബദ്ധിരാമിന്റെ ശുശ്രൂഷയിലൂടെ ഗഹരിയ ഗ്രാമത്തിലെ താരാഥാപ്പ; രാജ് മണ്ഡൽ ഗ്രാമത്തിലെ ഹീരാറായ്, കമലാപാണ്ഡു; ലാവുഗയ് ഗ്രാമത്തിലെ മൻകുമാരി എന്നീ വ്യക്തികൾ രക്ഷിക്കപ്പെടുവാനും പിതൗളി ഗ്രാമത്തിലെ രാജൻ മഹത്വാ, ചൻമട്ടി മഹത്വാ; ലോഗോയ് ഗ്രാമത്തിലെ സുഖ്മയാ നേപ്പാളി എന്നീ വ്യക്തികൾ ജലസ്നാനമേൽക്കുവാനും കർത്താവ് സഹായിച്ചു.

### ത്വക്കിന് ശുദ്ധിയും ഇരുളിൽ നിന്ന് മോചനവും

ഭവനസന്ദർശനം, ലഘുലേകളുടെയും സുവിശേഷപ്രതികളുടെയും വിതരണം, വ്യക്തിഗത സുവിശേഷീകരണം എന്നീ മാർഗ്ഗങ്ങളിലൂടെ ഗൊഡവ, മഹൽബാരി, ബെലവാ, രത്തൻഗണ്ട്, വിശ്മൻപുര എന്നീ ഗ്രാമങ്ങളുടെ സുവിശേഷീകരണത്തിനായി യത്നിക്കുന്ന സഹോ. രാജേന്ദ്ര കുമാർ ഹരിജൻ പരസ്യയോഗങ്ങൾ ക്രമീകരിച്ച് മാറ്റമില്ലാത്ത ദൈവത്തിന്റെ വചനം പ്രഘോഷിക്കുകയും ചെയ്യുന്നു. തന്റെ പ്രവർത്തനങ്ങൾ ഗൊഡവായിലെ പ്രിയങ്ക ഭാരതി, ബ്രിജേഷ് ഹരിജൻ, നീരജ് ഭാരതി, പുഷ്പാഭാരതി; രത്തൻ ഗഞ്ചിലെ സാബിത്രി ചമാർ എന്നീ വ്യക്തികളുടെ രക്ഷാനിർണ്ണയത്തിന് ഹേതുവായി. ഗൊഡവാ ഗ്രാമത്തിലെ മഞ്ജു എന്ന സഹോദരി ത്വക്ക് രോഗത്താൽ ഭാരപ്പെടുന്ന അവസ്ഥയിൽ നമ്മുടെ കൂട്ടായ്മയിൽ കടന്നുവന്നു പ്രാർത്ഥിക്കുകയും പൂർണസൗഖ്യം പ്രാപിക്കുകയും ചെയ്തു. രത്തൻ ഗഞ്ചിലെ രാമപ്രസാദ് എന്ന വ്യക്തിക്ക് പ്രാർത്ഥനയിലൂടെ പൈശാചിക ബന്ധനത്തിൽ നിന്നും ലഭിച്ച വിടുതൽ മുഖാന്തരം ആ ഭവനത്തിലെ എല്ലാവരും രക്ഷിക്കപ്പെടുവാനും അവരുടെ ഭവനത്തിൽ ഒരു കുട്ടായ്മ ആരംഭിക്കുവാനും ഇടയായി.

സഹോ. കർണ ബഹാദൂർ ഗുരുംഗിന്റെ ആത്മാർത്ഥമായ പ്രവർത്തനങ്ങളിലൂടെ ജർലയ ഗ്രാമത്തിലെ രാമു, ഹരീഷ്, പ്രശാന്ത്; ബെലാതാദി ഗ്രാമത്തിലെ തിർത്ത ബഹദൂർ ഥാപ്പ; ബിർതാ ഗ്രാമത്തിലെ കേബൽ, രാംപ്രസാദ്; ഷിരാംതൊലി ഗ്രാമത്തിലെ മോഹൻ, വിവേക്, ചന്ദ്രു; ബിൻതോൾ ഗ്രാമത്തിലെ അമർ കുഷ്വർ എന്നീ വ്യക്തികൾ രക്ഷിക്കപ്പെടുവാനും ഇതിൽ ജർലയ ഗ്രാമത്തിലെ ഹരീഷ് രാജ്വാർ, ബിർതാ ഗ്രാമത്തിലെ രാംപ്രസാദ്; ബിൻതോൾ ഗ്രാമത്തിലെ അമർ കുഷ്വർ എന്നീ വ്യക്തികൾ സ്നാനം ഏൽക്കുവാനും കർത്താവ് സഹായിച്ചു. നവൽ പരാസി ജില്ലയിലെ വിവിധ ഗ്രാമങ്ങളിലാണ് സഹോ. കർണ ബഹാദൂർ പ്രവർത്തിക്കുന്നത്.

പലവിധത്തിലുള്ള പ്രതികൂല സാഹചര്യങ്ങളുടെ മദ്ധ്യത്തിലും നേപ്പാളിലെ മിഷണറിമാർ ആത്മാർത്ഥമായി കർത്താവിന്റെ വേല ചെയ്യുന്നതിലൂടെ വിശ്വാസത്തിലേക്ക് കടന്നുവരുന്നവരുടെ ആത്മീക വർദ്ധനവിനായും പ്രിയ സഹോദരന്മാരുടെ പ്രവർത്തനങ്ങളുടെ അഭിവൃദ്ധിയ്ക്കായും പ്രാർത്ഥിച്ചീടാം.

## തമിഴ്നാട്ടിലെ ഗ്രാമീണ ജനതയ്ക്ക് ഇരുളിൽ വെളിച്ചം ഏകുന്ന അത്ഭുത വചനം

തമിഴ്നാട്ടിലെ ജി.എം.ഐ. മിഷൻ പ്രവർത്തനങ്ങൾ ദൈവകൃപയാൽ അനുഗ്രഹപ്രദമായി നടക്കുന്നു. സഹോ. കെ. ശമുവേലാണ് അവിടെ മിഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. 9 മിഷണറിമാർ വിവിധ പ്രദേശങ്ങളിൽ ദൈവരാജ്യ വിസ്തൃതിക്കായി അദ്ധ്വാനിക്കുന്നു. എല്ലാ മാസവും സഹോ. കെ. ശമുവേലിന്റെ നേതൃത്വത്തിൽ മിഷണറിമാരുടെ യോഗം ക്രമമായി നടന്നു വരുന്നു.

### ജീവശ്വാസം മടക്കിവാങ്ങിയ വിശ്വാസം

സേലം ജില്ലയിലെ കെ. ആർ. തൊപ്പൂർ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സഹോ. ബാബുശാന്തപ്പയുടെ പ്രവർത്തനത്തിലൂടെ കെ. ആർ. തൊപ്പൂർ ഗ്രാമത്തിലെ ചെല്ലമ്മാൾ, പ്രിയ; കെ.കെ. നഗറിലെ പളനിവേൽ, ശാന്തി, മയൂരി, നന്ദിനി, നവീൻ എന്നീ വ്യക്തികൾ രക്ഷയുടെ അനുഭവത്തിലേക്ക് കടന്നു വന്നു. പണങ്കാട് ഗ്രാമത്തിലെ കവിത എന്ന അഞ്ചുവയസ്സുള്ള കൂട്ടി അസ്വസ്ഥയായി മൂന്ന് മണിക്കൂർ ഇടവിടാതെ കരഞ്ഞ് ശ്വാസം നിലയ്ക്കുന്ന അവസ്ഥയിലെത്തി. ഒരു അയൽവാസി ഈ വിവരം നമ്മുടെ മിഷണറിയോട് പറയുകയും താൻ ആ പൈതലിനുവേണ്ടി ദൈവത്തോടപേക്ഷിക്കുകയും ചെയ്തു. ദൈവം അത്ഭുതകരമായി ആ കുഞ്ഞിനെ സൗഖ്യമാക്കി.

### ഭാരം ഏറ്റെടുത്തു കൊണ്ട്

സഹോ. പി. ഇമ്മാനുവേലിന്റെ പ്രവർത്തനങ്ങൾ അനുഗ്രഹിക്കപ്പെട്ട നിലയിൽ നടക്കുന്നു. ഭവനസന്ദർശനം, ലഘുലേഖാവിതരണം എന്നിവയ്ക്കു പുറമെ പരസ്യയോഗങ്ങൾ ക്രമീകരിച്ച് ദൈവവചനം പ്രഘോഷിക്കുന്നതിനും താൻ ഉത്സുകനാണ്. പുതുതായി 2 സൺഡേസ്കൂളുകൾ ആരംഭിക്കുവാൻ കർത്താവ് സഹായിച്ചു. പാറക്കണ്ണൂർ ഗ്രാമത്തിലെ ചന്ദ്ര എന്ന സഹോദരിയോട് ദൈവവചനം പങ്കുവയ്ക്കാനിടയായി. കടഭാരത്താൽ വലഞ്ഞിരുന്ന ആ സഹോദരി ദൈവവചനം അനുസരിച്ച് കൂട്ടായ്മയിൽ വരുവാനാരംഭിച്ചു. ഇപ്പോൾ പ്രശ്നങ്ങളിൽ നിന്നും ക്രമേണ വിടുതൽ പ്രാപിച്ചുകൊണ്ടിരിക്കുന്നു. സരസ എന്ന സഹോദരി രോഗിയായി കിടപ്പിലായിരുന്നു. സഹോ. ഇമ്മാനുവേൽ ആ സഹോദരിക്കുവേണ്ടി പ്രാർത്ഥിക്കുകയും കർത്താവ് അത്ഭുതകരമായി വിടുവിക്കുകയും ചെയ്തു. സേലം ജില്ലയിലെ ജലകന്ധപുരം, പാറക്കളളൂർ, കട്ടിനായിക്കൻപ്പട്ടി, ആർ.സി. റെഡ്ഡിയൂർ, മാണിക്കംപ്പട്ടി എന്നീ ഗ്രാമങ്ങളിലാണ് സഹോ. ഇമ്മാനുവേൽ പ്രവർത്തിച്ചുവരുന്നത്.

നാമക്കൽ ജില്ലയിലെ വെണ്ണാന്തൂർ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സഹോ. ജോസഫ് രാജ്, ഗോവിന്ദസ്വാമി എന്ന സഹോദരനോട് ദൈവവചനം അറിച്ചു. ശരീരത്തിൽ ഒരു മുഴ വന്ന് കഠിനമായ വേദനയാൽ ഭാരപ്പെട്ടുകൊണ്ടിരുന്ന താൻ സൗഖ്യദായകനായ യേശുകർത്താവിൽ വിശ്വസിച്ച് പ്രാർത്ഥിച്ചപ്പോൾ വേദനയിൽ നിന്നും വിടുതൽ ലഭിച്ചു. കല എന്ന സഹോദരി കടഭാരത്താൽ വലയുകയായിരുന്നു. സഹോ. ജോസഫ് രാജ് ആ വിഷയത്തിനുവേണ്ടി പ്രാർത്ഥിക്കുകയും എല്ലാ കടഭാരങ്ങളും മാറുവാൻ കർത്താവ് സഹായിക്കുകയും ചെയ്തു.

തമിഴ്നാട്ടിലെ മിഷണറിമാരെ ദൈവകരങ്ങളിൽ സമർപ്പിക്കാം. തുടർന്നും കർത്താവിനായി അദ്ധ്വാനിക്കുവാൻ ആവശ്യമായ കൃപ അവരുടെ മേൽ പകരപ്പെടേണ്ടതിനായി പ്രാർത്ഥിക്കാം.

1-ാം പേജിന്റെ തുടർച്ച...

ഈ സമ്മേളനങ്ങളിൽ ബ്രദർ. ഡി. ജെ. അജിത്കുമാർ മുഖ്യ സന്ദേശനം നൽകുകയും രോഗികൾക്കായി പ്രാർത്ഥിക്കുകയും ചെയ്തു. "വിവിധ മതങ്ങളിലൂടെയുള്ള ദൈവീക വെളിപ്പാടുകൾ" എന്ന പ്രധാന വിഷയത്തെ ആസ്പദമാക്കിയുള്ള സന്ദേശങ്ങൾ അനേകരുടെ ജീവിതങ്ങളെ രൂപാന്തരപ്പെടുത്തുന്നതായിരുന്നു. വർഷങ്ങളായി രോഗബന്ധനത്തിൽ കിടന്ന നൂറുകണക്കിനാളുകൾക്ക് യേശുക്രിസ്തുവിലൂടെയുള്ള അത്ഭുത സൗഖ്യം ലഭിച്ചു. ദീർഘ വർഷങ്ങളായി രോഗബാധയാൽ ഭാരപ്പെട്ട ഒരു സുവിശേഷകന് അത്ഭത സൗഖ്യം ലഭിച്ച് സാക്ഷ്യം പ്രസ്താപിച്ച സംഭവം അനേകർ ദൈവത്തെ മഹത്വപ്പെടുത്തുവാൻ കാരണമായി.. നൂറുകണക്കിന് അക്രൈസ്തവർ ഓരോ രാത്രിയിലും യേശുക്രിസ്തുവിനെ സ്വന്ത രക്ഷിതാവായി സ്വീകരിക്കുകയുണ്ടായി. അലഹബാദിലും പരിസരപ്രദേശങ്ങളിലുമുള്ള സഭകളുടെയും വിശ്വാസികളുടെയും ഐക്യത്തിനും ആത്മീക അഭിവൃദ്ധിക്കും ഉണർവിനും വഴി തെളിയിച്ച യോഗങ്ങളിൽ പുത്തൻ തീരുമാനത്തോടെയും സമർപ്പണത്തോടെയും സർവ്വവും യേശു നാഥന്റെ പാദത്തിൽ സമർപ്പിച്ചു കൊണ്ട് മൂന്നുനാൾ നീണ്ടുനിന്ന ആത്മീക സംഗമത്തിൽ സംതൃപ്തിരായി ജനങ്ങൾ മടങ്ങി.



# ദൈവം നമ്മോടു കൂടെ

> **"കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും. അവന്നു ദൈവം നമ്മോടു കൂടെ എന്നർത്ഥമുള്ള ഇമ്മാനുവേൽ എന്നു പേർ വിളിക്കും എന്നു കർത്താവ് പ്രവാചകൻ മുഖാന്തരം അരുളിച്ചെയ്തതു നിവൃത്തിയാകുവാൻ ഇതൊക്കേയും സംഭവിച്ചു." (മത്താ. – 1:22,23, യെശ. – 7:14, 8:8)**

*ഡി.ജെ. അജിത്കുമാർ*

**ഒ**രു ക്രിസ്തുമസ്സ് കാലം കൂടി എത്തിച്ചേരുകയാണ്. ക്രിസ്തുമസ്സിനെക്കുറിച്ച് ചിന്തിക്കുമ്പോഴെല്ലാം മനസ്സിൽ നിറഞ്ഞുവരുന്ന ഒരു വാക്കാണ് ഇമ്മാനുവേൽ. ദൈവം നമ്മോടു കൂടെ. മത്തായി സുവിശേഷത്തിൽ പറയുന്നു:

"കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും . അവന്നു ദൈവം നമ്മോടു കൂടെ എന്നർത്ഥമുള്ള ഇമ്മാനുവേൽ എന്നു പേർ വിളിക്കും എന്നു കർത്താവ് പ്രവാചകൻ മുഖാന്തരം അരുളിച്ചെയ്തതു നിവൃത്തിയാകുവാൻ ഇതൊക്കേയും സംഭവിച്ചു."(മത്താ – 1:22,23, യെശ – 7:14, 8:8)

യേശുക്രിസ്തുവിന്റെ പരസ്യ ശുശ്രൂഷയിൽ ഒരിക്കലും അദ്ദേഹത്തെ ദൈവം നമ്മോടുകൂടെ എന്ന് അർത്ഥമുള്ള ഇമ്മാനുവേലേ എന്നു ആരും വിളിച്ചിട്ടില്ല. ഇമ്മാനുവേൽ എന്നതു അവിടുത്തെ സ്വഭാവ ഗുണങ്ങളിൽ ഒന്നായിരുന്നു.

'ദൈവം മനുഷ്യനോടു കൂടെ' എന്നത് ഒരു പുതിയ സങ്കല്പം അല്ല. ഏദൻ തോട്ടം മുതൽ നമുക്കത് കാണാൻ കഴിയും. ആദ്യ മനുഷ്യ നോടും ഹാനോക്കിനോടും, നോഹ യോടും പിന്നെ അബ്രഹാമിനോടും ഒക്കെ നടക്കുന്ന ദൈവിക സ്വഭാവം ബൈബിളിൽ നിന്നും വ്യക്തമാകുന്നു. മോശെയോടും, യോശുവയോടും, മുൻപ്രവാചകന്മാരോടും, പിൻപ്രവാചകന്മാരോടും വലിയ പ്രവാചകന്മാരിലൂടെയും ചെറിയ പ്രവാചകന്മാരിലൂടെയും, ഒക്കെപ്പറയുന്നു ഞാൻ നിങ്ങളോട് കൂടെയുണ്ട്. എന്നും എല്ലാവർക്കും ആവേശം നൽകുന്ന ഒരു വാഗ്ദത്തമാണിത്. ദൈവം നമ്മോടു കൂടെ ഉണ്ട്.

പിന്നെ ക്രിസ്തുമസ്സിന്റെ സന്ദേശത്തിന്റെ പ്രത്യേകത എന്താണ്? ഇമ്മാനുവേൽ എന്നു പറയുമ്പോൾ ആർക്കാണ് ഇത് ഒരു സദ്വാർത്തയാകുന്നത്? യേശുവിന്റെ ജനന വാർത്തഎല്ലാവർക്കും ഉള്ള സന്തോഷവാർത്തയായാണ് പ്രഖ്യാപിക്കപ്പെട്ടതെങ്കിലും അത് എല്ലാവർക്കും സന്തോഷമായിരുന്നില്ല. ഹേരോദാവിനും സംഘത്തിനും അത് ഭയപ്പെടുത്തുന്ന – അസൂയപ്പെ ടുത്തുന്ന വാർത്തയായിരുന്നു. എന്നാൽ വേറെ ഒരു വലിയ കൂട്ടം ജനത്തിന് അത് ആഹ്ലാദമായി മാറി, ആവേശമായി മാറി.

സ്വന്തമായുള്ള ശുശ്രൂഷ ആരംഭിക്കുന്നതിന് മുമ്പ് തന്നെ യേശുവിനെ ചിലർ തിരിച്ച റിഞ്ഞരുന്നു. ശിശുവായിരുന്നപ്പോൾ തന്നെ മറ്റൊരു പരിചയപ്പെടു ത്തലുകളുമില്ലാതെ ഇതാണ് ഇമ്മാനു വേൽ എന്ന് യേശുവിനെ ശിമയോനും ഹന്നായും മനസ്സിലാക്കിയതായി കാണുന്നു. (ലൂക്കോ– 2:27–28) ദേവാലത്തിൽ അനേകം പേർ കുഞ്ഞുങ്ങളുമായി യാഗം കഴിക്കുവാൻ വരുന്നു. ധനവാന്മാർ കാളകളേയും, ഇടത്തരക്കാർ ആടുകളേയും, സാധുക്കൾ പ്രാവുകളേയും യാഗം കഴിക്കു വാൻ കൊണ്ടുവരുന്നു. അപ്പോൾ അതാ പാവപ്പെട്ട ഗ്രാമീണനായ ഒരു തച്ചനും തന്റെ ഭാര്യയും കുറുപ്രാക്കളെ യാഗത്തിനായിക്കൊണ്ടുവരുന്നു. ഒരു പ്രത്യേകതകളുമില്ലാതെ ആരും പറയാതെ ശിമയോനു അതു മനസ്സിലാകുന്നു. ഉണ്ണിയേശുവിനെ കയ്യിലെടുത്തു ദൈവത്തെ പുകഴ്ത്തി. ആത്മാവിലാണ് ശിമയോൻ യേശുവിനെ മനസ്സിലാക്കിയത്.

യോഹന്നാൻ സ്നാപകൻ യേശുവിൻമേൽ പരിശുദ്ധാത്മാവിറങ്ങുന്നതു കണ്ടതാണ്. എന്നാൽ ഒയുവിൽ ഇടറിപ്പോകുന്നു. സംശയത്തോടു ചോദിക്കുന്നു, ഞങ്ങൾ മറ്റൊരുത്തനെ കാത്തിരിക്കണമോ? നീയാണോ വരുവാനുള്ളവൻ? (ലൂക്കോ 7:18–23). യോഹന്നാൻ പ്രതീക്ഷിച്ചതുപോലുള്ള ഒരു ശുശ്രൂഷ യേശുവിൽ കാണാത്തതു കൊണ്ടാ യിരിക്കാം ആ സന്യാസിവര്യൻ പോലും യേശുവിൽ ഇടറിപ്പോയത്. അവന്റെ കയ്യിൽ വീശുമുറമില്ല. കളത്തെ വെടിപ്പാക്കുന്നില്ല. തീ അയച്ചു കത്തിച്ചു കളയുന്നില്ല. തീ അയച്ചു കത്തിച്ചു കളയുന്നില്ല. ഫലം കായ്ക്കാത്ത വൃക്ഷങ്ങളെ കോടാലി കൊണ്ട് വെട്ടി തീയിൽ ഇട്ടുകളയു ന്നില്ല. പിന്നെ ഇവൻ ആരാണ്? ഇവന് സ്നേഹം മാത്രമേ ഉള്ളൂ. വാക്കുകൾ സ്നേഹം. പ്രവൃത്തികൾ സ്നേഹം. കരുണ യിലാണ് ഞാൻ പ്രസാദിക്കുന്നത് എന്നാണ് അവന്റെ പ്രസംഗം. പിന്നെയെങ്ങനെ യോഹന്നാൻ ഇടറാതിരിക്കും!? യേശു യോഹന്നാ നാൽ അയക്കപ്പെട്ടവരോടു പറഞ്ഞു. "എങ്കൽ ഇടരിപ്പോകാത്തവൻ ഭാഗ്യ വാൻ". ദരിദ്രന്മാരോട് സുവിശേഷം അറിയിച്ചു കൊണ്ടവൻ നടന്നു. ചൂഷിതരോടും അടിച്ചമർത്തപ്പെട്ടവരോടും അവൻ മനസ്സലിഞ്ഞു. 'രോഗികൾക്കാണ് വൈദ്യന്റെ ആവശ്യം' എന്നായിരുന്നു തന്റെ പ്രഖ്യാപനം. താൻതന്നെ ദരിദ്രനാ യിരുന്നു. നികുതി കൊടുക്കുവാൻ കയ്യിൽ പണമില്ലാതെ വന്നപ്പോൾ, വിട്ടുകളയാൻ പറഞ്ഞ ജോലി, അത്യാവശ്യത്തിന് പത്രോസിനോട് പിന്നേയും ചെയ്യുവാനായി പറയുവാൻ അവിടുന്ന് നിർബന്ധിതനാകുന്നു (മത്താ 17:24–27). ഒരിക്കൽ ഒരു ഉദാഹരണം കാണിക്കുവാൻ കയ്യിൽ ഒരു നാണയം പോലും ഇല്ലാതെ വരുന്നതിനാൽ അന്യരോട് ഒരു നാണയം കടം വാങ്ങുന്നു (മത്താ–22:15–22). രാത്രികളിൽ വെളിമ്പ്രദേശങ്ങളിൽ അന്തിയുറങ്ങുന്നു. മലകളിൽ പ്രാർത്ഥിക്കുന്നു. പടകിൽ ഉറങ്ങുന്നു. മറ്റുള്ളവരുടെ സഹായം കൊണ്ടുള്ള വസ്ത്രം ധരിക്കുന്നു. മനുഷ്യരാൽ നിന്ദിക്കപ്പെട്ടും, ത്യജിക്കപ്പെട്ടും, വ്യസനപാത്രമായും, രോഗം ശീലിച്ച വനുമായിരിക്കുന്നു. കാണാനാണെങ്കിൽ വലിയ സുന്ദരനല്ല. ഒരു ദരിദ്ര കുടുംബത്തിൽ നിന്നുള്ളവൻ എന്നു ആരും വിളിച്ചു പറയും 'തച്ചന്റെ മകൻ', പട്ടണത്തിലെ ആർഭാടങ്ങളൊന്നുമില്ല, പട്ടണത്തിന്റെ സംസ്ക്കാരങ്ങളില്ല, കൈകഴുകാതെ ഭക്ഷണത്തി നിരിക്കുന്നു എന്നാണ് തന്നെക്കുറി ച്ചൊരിക്കൽ പറഞ്ഞ കമന്റ്. യെശയ്യാവ് കണ്ടപ്പോൾ അവൻ രൂപഗുണ മില്ലാതെയും കോമളത്വമില്ലാതെയും കണ്ടാൽ മോഹിക്കത്തക്ക സൗന്ദര്യമി ല്ലാത്തവനായും ഇരുന്നു (യെശ– 53:2). എടുത്തുപ്പറയത്തക്ക വ്യക്തിത്വം ഒന്നും അവനില്ല എന്നാൽ അവന്റെ ഉപദേശം കേൾക്കാൻ ജനങ്ങൾ ഓടിക്കൂടി. ഗ്രാമങ്ങലും, പട്ടണങ്ങളും ഇളകി. 'ജനങ്ങൾ എല്ലാം അവനോടു കൂടെ' എന്ന് ഭരണാധികാരികളും, മതനേതാക്കന്മാരും ഭയപ്പെട ത്തക്കവിധത്തിൽ രാജ്യം ഇളകി. ഇതെങ്ങനെ? ഉത്തരം ഒന്നേ ഉള്ളു. അവന്റെ സ്നേഹം. സ്നേഹം. സ്നേഹം. യഥാർത്ഥ സ്നേഹം. അഗപേ.

യേശുവിനെക്കുറിച്ച് ആരോ എഴുതിയ ചില വരികൾ ഇവിടെ കുറിക്കട്ടെ. അവൻ അജ്ഞാത മായോരു ഗ്രാമത്തിലാണ് പിറന്നത്, ഒരു സാധാരണ സ്ത്രീയുടെ മകനായി. മറ്റൊരു ഗ്രമത്തിൽ തച്ചന്റെ പണി ചെയ്ത് മുപ്പതുവയസ്സുവരെ അയാൾ ജീവിച്ചു. അയാൾ ഒരിക്കലും ഒരു പുസ്തകമെഴുതിയിട്ടില്ല. ഏതെങ്കിലും ഒരു ഔദ്യോഗിക പദവി അലങ്കരിച്ചിട്ടില്ല. അദ്ദേഹത്തിനൊരു കുടുംബവുമുണ്ടായിരുന്നില്ല. ഒരു സർവ്വകലാശാലയിലും പഠിച്ചിട്ടില്ല. വലിയൊരു നഗരത്തിൽ താമസിച്ചിട്ടില്ല. ജനിച്ചു വളർന്നിടത്തുനിന്നും ഇരുനൂറു മൈലിലധികം സഞ്ചരി ച്ചിട്ടില്ല. മഹത്വത്തിന്റെ അടയാളമെന്ന് ലോകം വിശ്വസിക്കുന്നതൊന്നും ചെയ്തിട്ടില്ല. സ്വന്തജീവിതമല്ലാതെ മറ്റൊരു സാക്ഷ്യ പത്രവും അദ്ദേഹത്തിനുണ്ടായിരുന്നില്ല. പൊതുജനാഭിപ്രായം തനിക്കെതിരെ തിരിയാൻ തുടങ്ങുമ്പോൾ അദ്ദേഹത്തിന് 33 വയസ്സേ പ്രായമുണ്ടായിരുന്നുള്ളൂ. അദ്ദേഹത്തിന്റെ സ്നേഹിതർ അദ്ദേഹത്തെ വിട്ടു ഓടിപ്പോയി. അദ്ദേഹം ശത്രുകരങ്ങളിലേൽപ്പിക്കപ്പെട്ടു. വിചാരണ എന്ന പ്രഹസനത്തിലൂടെ കടന്നുപോയി. രണ്ടു കള്ളന്മാരുടെ മദ്ധ്യേ ആണിയിൽ അവർ അദ്ദേഹത്തെ ക്രൂശിൽ തൂക്കി.

മരിക്കുമ്പോൾ ഈ ഭൂമിയിൽ തനിക്കുണ്ടായിരുന്ന ഏക സമ്പാദ്യമായിരുന്ന വസ്ത്രങ്ങൾക്കുവേണ്ടി അദ്ദേഹത്തിന്റെ ഘാതകർ ചീട്ടിട്ടു. മരിച്ചപ്പോൾ ഒരു സ്നേഹിതന്റെ കാരുണ്യത്താൽ കടം വാങ്ങിയ ഒരു കല്ലറയിലാണ് അദ്ദേഹത്തെ സംസ്ക്കരിച്ചത്. ഇരുപതുനൂറ്റാണ്ടുകൾ കടന്നുപോയി. ഇന്ന് അയാൾ മനുഷ്യരാശിയുടെ കേന്ദ്രബിന്ദു –ഇവനാണ് ഇമ്മാനുവേൽ! ആർക്കാണ് ഇവൻ ഇമ്മാനുവേൽ? ഹേരോദാവിന് ഇവന്റെ വാർത്ത സന്തോഷവാർത്തയല്ല. കയ്യഫാവിനും, മഹാപുരോഹിതന്മാർക്കും ഒരു ആവേശവുമില്ല. പിന്നെ ആർക്കാണ് ഈ ഇമ്മാനുവേൽ?

### സങ്കേതം

ഒരു വ്യഭിചാരിയായ സ്ത്രീയെ മോശയുടെ അടുക്കൽ കൊണ്ടുവന്നു. അന്നത്തെ മതനേതാന്മാരും, ന്യായശാസ്ത്രികളും അവിടെയുണ്ടായിരുന്നു. വ്യഭിചാരത്തിൽ പിടിച്ച ഇവളെ എന്തുചെയ്യണം? നിഷ്കരുണം അവളെ കല്ലെറിഞ്ഞു കൊല്ലാൻ മോശയുടെ ന്യായപ്രമാണം കൽപ്പിച്ചു. പുരോഹിതന്മാർക്ക് ആവേശമായി. വേശ്യാവൃത്തി ചെയ്തവളെ കല്ലെറിഞ്ഞു കൊല്ലാൻ കൊണ്ടുപോകുന്ന യാത്രയിൽ അവൾ ഒരു പക്ഷേ ആരോഗ്യമുള്ള ഒരു വേശ്യയായതുകൊണ്ടായിരിക്കാം അവരിൽ നിന്നു കുതറി ഓടി. പുറകിൽ ആർത്ത് ആക്രോശിക്കുന്ന ജനം, മതം, നിയമങ്ങൾ, കല്ല്, കല്ലുപോലുള്ള ഹൃദയങ്ങൾ, പുരുഷന്മാരുടെ കൂട്ടം സ്ത്രീ ഓടുയാണ്. ഏകദേശം 2000 വർഷം അവളെ ഓടിച്ചു, പാപിയായവളെ. ഒടുവിൽ അവർ എത്തിച്ചേർന്നത് ഒരു ഗുരുവിന്റെ മുമ്പിൽ ആയിരുന്നു. അയാൾ നിലത്തെഴുതിക്കൊണ്ടിരിക്കുകയാണ്. ഗുരുവാണല്ലോ നിലത്തെഴുതുന്നതു. അവളെ കല്ലെറിഞ്ഞു കൊല്ലാനാണ് അവരുടെ മതം പറയുന്നതെന്ന് അവർ വാദിച്ചു. 'പാപം ഇല്ലാത്തവർ ആദ്യം കല്ലെറിയട്ടെ' എന്ന് ഗുരു. എല്ലാവരും പിൻവാങ്ങി. "സ്ത്രീയേ ആരും നിന്നെ കല്ലെറിഞ്ഞില്ലയോ? ഞാനും നിന്നെ വിധിക്കുന്നില്ല. ഇനി പാപം ചെയ്യരുത്". നിന്നെ കല്ലെറിയാൻ യോഗ്യതയുള്ള ഒരാൾ മാത്രമെ ആ കൂട്ടത്തിൽ ഉണ്ടായിരുന്നുള്ളൂ. ഗുരുമാത്രം. കാരണം അവിടുന്ന് മാത്രമാണ് പാപമറ്റവൻ. ആയിരമായിരം വർഷങ്ങളായി പാപഭാരത്താലും കുറ്റബോധത്താലു അപകർഷതാ

**(ശേഷം. 4–ാം പേജിൽ)**

> 'തച്ചന്റെ മകൻ'. പട്ടണത്തിലെ ആർഭാടങ്ങളൊന്നുമില്ല. പട്ടണത്തിന്റെ സംസ്ക്കാരങ്ങളില്ല. കൈ കഴുകാതെ ഭക്ഷണത്തിനിരിക്കുന്നു എന്നാണ് തന്നെക്കുറിച്ചൊരിക്കൽ പറഞ്ഞത്. യെശയ്യാവ് കണ്ടപ്പോൾ അവൻ രൂപഗുണമില്ലാതെയും കോമളത്വമില്ലാതെയും കണ്ടാൽ മോഹിക്കത്തക്ക സൗന്ദര്യമില്ലാത്തവനായും ഇരുന്നു (യെശ– 53:2). എടുത്തുപ്പറയത്തക്ക വ്യക്തിത്വം ഒന്നും അവനില്ല എന്നാൽ അവന്റെ ഉപദേശം കേൾക്കാൻ ജനങ്ങൾ ഓടിക്കൂടി. ഗ്രാമങ്ങലും, പട്ടണങ്ങളും ഇളകി. 'ജനങ്ങൾ എല്ലാം അവനോടുകൂടെ' എന്ന് ഭരണാധികാരികളും, മതനേതാക്കന്മാരും ഭയപ്പെടത്തക്കവിധത്തിൽ രാജ്യം ഇളകി.

# ക്രിസ്തുവിന്റെ സൗരഭ്യവാസനയായി ആന്ധ്രാപ്രദേശിൽ ജി.എം.ഐ. മിഷണറിമാർ

*മിഷൻ ന്യൂസ് ബ്യൂറോ, ജി.എം.ഐ*

ആന്ധ്രാപ്രദേശിലെ വാറംഗൽ ജില്ലയിലെ നിസാംപള്ളി കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സഹോ. സുരേഷ്പോളിന്റെ ശുശ്രൂഷ അനേകർക്ക് അനുഗ്രഹപ്രദമായിരുന്നു. കൊമരയ്യ, സ്വരുപ എന്നീ വ്യക്തികൾക്ക് പ്രാർത്ഥനയിലൂടെ ലഭിച്ച അത്ഭുതസൗഖ്യങ്ങൾ മുഖാന്തിരം അവർ രക്ഷയുടെ അനുഭവത്തിലേക്ക് കടന്നുവന്നു.

## ജീവന്റെ നിദാനമായ ക്രിസ്തു

രജിത എന്ന സഹോദരിയുടെ ഗർഭസ്ഥ ശിശുവിന് വളർച്ചയില്ലെന്നും ജീവനോടെ ലഭിക്കുകയില്ലെന്നും ഡോക്ടർമാർ വിധിയെഴുതി. എന്നാൽ പ്രാർത്ഥനയുടെ ഫലമായി സുഖപ്രസവത്തിൽ 2 കിലോ തൂക്കമുള്ള കുഞ്ഞിനെ ലഭിച്ചു. രാജു എന്ന സഹോദരന്റെ കുഞ്ഞ് വളരെയേറെ ശാരീരിക അസ്വസ്ഥതകളാൽ ഭാരപ്പെട്ടിരുന്നു. എന്നാൽ പ്രാർത്ഥനയുടെ ഫലമായി ദൈവം ആ പൈതലിന് പൂർണ ആരോഗ്യം നൽകി അനുഗ്രഹിച്ചു. സഹോ. സുരേഷ്പോളിന്റെ ശുശ്രൂഷ അങ്ങനെ പല വിധത്തിൽ അനേകർക്ക് ആശ്വാസവും വിടുതലും പ്രദാനം ചെയ്യുന്നതാക്കിത്തീർക്കുന്ന അളവറ്റ കൃപയ്ക്കായി നന്ദിയോടെ നമുക്ക് ദൈവത്തെ സ്തുതിക്കാം. തുടർന്നുള്ള പ്രവർത്തനങ്ങളുടെ അനുഗ്രഹത്തിനായി പ്രാർത്ഥിച്ചീടാം.

## രോഗബന്ധനങ്ങൾക്കു വിട

പരസ്യയോഗങ്ങൾ ക്രമീകരിച്ച് ദൈവവചനം പ്രഘോഷിക്കുന്നതിന് ഉത്സുകനായ സഹോദരൻ ശാലേം രാജുവിന്റെ ശുശ്രൂഷയിലൂടെ അനേകർക്ക് രക്ഷയും വിടുതലും ആശ്വാസവും അനുഭവവേദ്യമായിക്കൊണ്ടിരിക്കുന്നു. കൊത്തറപ്പള്ളിയിൽ പുതുതായി ആരംഭിച്ച സൺഡേസ്കൂളിന്റെ പ്രവർത്തനങ്ങളും ഭംഗിയായി നടക്കുന്നു. ഒരു കുടുംബത്തിലെ നാല് പേർ ഭക്ഷ്യവിഷബാധയേറ്റ് ആശുപത്രിയിലായ സന്ദർഭത്തിൽ സഹോ. രാജു അവരെ സന്ദർശിച്ച് പ്രാർത്ഥിച്ചത് അവർക്കു ആശ്വാസവും വിടുതലും ലഭിക്കുവാൻ ഹേതുവായി. രംഗറെഡ്ഡി ജില്ലയിലെ വികരാബാദ് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സഹോ. ശാലേം രാജു ദൈവനാമമഹത്വത്തിനായി തുടർന്നും പ്രയോജനപ്പെടുത്തേണ്ടതിനായി പ്രാർത്ഥിച്ചീടാം.

ആന്ധ്രാപ്രദേശിലെ വാറംഗൽ ജില്ലയിലെ ഗുൺറാത്തി മഢുഗു കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സഹോ. ബി. പ്രകാശ്ബാബു ചിമ്മാപ്പുഡി, മഹബൂബാബാദ്, ഗുൺറാത്തി മഢുഗു, ഗൊല്ലഗുഢം, ഡുബ്ബഗൂഢം, ഹനംകൊണ്ട, പെഡതണ്ട എന്നീ ഗ്രാമങ്ങളെ കൂടാതെ ബയ്യാരം എന്ന ഗ്രാമത്തിലും സുവിശേഷവുമായി കടന്നുപോകുന്നു. ബയ്യാരം എന്ന ഗ്രാമത്തിലെ ഭവാനി എന്ന യുവതി കഴിഞ്ഞ ഒരു വർഷമായി ജന്നി രോഗത്താൽ ഭാരപ്പെടുക യായിരുന്നു. സഹോ. പ്രകാശ് ബാബുവിലൂടെ വചനം ശ്രവിച്ച് സൗഖ്യദായകനായ യേശുവിൽ വിശ്വാസമർപ്പിച്ച് പ്രാർത്ഥിച്ച ആ സഹോദരി പൂർണസൗഖ്യം പ്രാപിച്ചു. ഗുൺറാത്തി മഢുഗു ഗ്രാമത്തിൽ നടത്തപ്പെടുന്ന കൂട്ടായ്മയിൽ സുരബൊയിനാ അനുഷ എന്ന സഹോദരിയെ പൈശാചിക ബന്ധനത്താൽ ഭാരപ്പെടുന്ന അവസ്ഥയിൽ കൊണ്ടുവന്നു. ദൈവമക്കളെല്ലാവരും ചേർന്ന് ആ സഹോദരിയുടെ വിടുത ലിനായി ഒരു മനസ്സോടെ പ്രാർത്ഥി ച്ചപ്പോൾ കർത്താവ് പൂർണവിടുതൽ നൽകി. ഇപ്പോൾ ആ സഹോദരി കുടുംബമായി കൂട്ടായ്മയിൽ കടന്നുവരുന്നു. സുരബൊയിനാ മാർത്തമ്മ, സുരബൊയിനാ ലക്ഷ്മി എന്നിവരാണ് മറ്റ് രണ്ട് വ്യക്തികൾ. ഇതിൽ സുരബൊയിന ലക്ഷ്മി ജല സ്നാനമേൽക്കുവാനും കർത്താവ് സഹായിച്ചു. അന്ധകാരത്തിലും സാത്താന്യ ബന്ധനങ്ങളിലും ആയിരി ക്കുന്ന അനേകർക്ക് വെളിച്ചവും വിടുതലും നൽകുന്ന ശുശ്രൂഷ ഇനിയും സഹോ. ബി.പ്രകാശ് ബാബുവിലൂടെ നിർവ്വഹിക്കപ്പെടുവാനായി പ്രാർ ത്ഥിച്ചീടാം.

സഹോ. ഇ. സുരേഷ് പാലകുർത്തിയിലെ സാംബമൂർത്തി എന്ന സഹോദരനോട് ദൈവവചനം പങ്കുവയ്ക്കാനിടയായി. വചനം കേട്ട് യേശുവിൽ വിശ്വസിച്ച ആ സഹോദരൻ തന്റെ ജീവിതത്തിലെ വിവിധ പ്രയാസങ്ങൾക്കായി ദൈവത്തോട പേക്ഷിക്കുകയും പൂർണ വിടുതൽ ലഭിക്കുകയും ചെയ്തു. ദൈവിക സമാധാനം പ്രാപിച്ച താൻ ഇപ്പോൾ സ്ഥിരമായി കൂട്ടായ്മയിൽ കടന്നു വരുന്നു. വാറംഗൽ ജില്ലയിലെ അയ്യംഗരിപള്ളി, പാലകുർത്തി, തോരൂർ, രംഗപുരം, ഗണ്ട്ലകുണ്ട, രെഗുലഗഡ്ഡ എന്നീ ഗ്രാമങ്ങളിൽ പ്രവർത്തിച്ചു വരുന്ന പ്രിയ സഹോദരന്റെ പ്രയത്നങ്ങൾ കർത്താവിൽ സഫലമായിത്തീ രേണ്ടതിനായി പ്രാർത്ഥിച്ചാലും.

---

3-ാം പേജിന്റെ തുടർച്ച...

ചിന്തയാലും നടുവൊടിഞ്ഞ് കൂനിപ്പോയ ആ വ്യഭിചാരിണി അത്ഭുതപ്പെട്ടു. തനിക്ക് വിശ്വസിക്കാൻ പോലും കഴിയുന്നില്ല. അവർ അന്ന് ആദ്യമായി നിവർന്നു നിന്നു. ഒരു വലിയ ദീർഘനിശ്വാസത്തോടുകൂടെ. അവളുടെ മുഖഭാവം മാറി. അവൾ ചുറ്റുപാടും നോക്കി അവളെപ്പോലെ കറപ്പറ്റിയ ആയിരക്കണക്കിന് വ്യഭിചാരികൾ അവിടെ ഓടിക്കൂടുന്നതുപോലെ. അന്നുവരേയും തലമൂടി -പല മൂടുപടങ്ങളോട് മാത്രം ജീവിച്ചിരുന്ന ആ മനുഷ്യജന്മങ്ങൾ അന്ന് ആർത്ത് വിളിച്ചു - ഇമ്മാനുവേൽ ദൈവം നമ്മോടു കൂടെ !

## വെറും തത്വശാസ്ത്രമല്ല

ഒരു വിധവയുടെ ഏകമകൻ മരിച്ചുപോയി. ആ സാധു സ്ത്രീ ആകെ കലങ്ങിപ്പോയി. പൊട്ടിത്തകർന്ന ഹൃദയത്തോടെ ആ മരിച്ച ശരീരവും പേറി അവൾ ബുദ്ധന്റെ അടുക്കൽ എത്തി. മകന്റെ അകാല നിര്യാണം മാറ്റണമെന്നും കുറച്ചു കൂടെ ദീർഘായുസ്സ് നൽകണമെന്നും വിധവ നിലവിളിച്ച് അലമുറയിട്ടു. ഗുരു പറഞ്ഞു: ഞാൻ അവന് ജീവനെ കൊടുക്കാം. നീ പോയി ഒരു മരണവും നടന്നിട്ടില്ലാത്ത ഒരു കുടുംബത്തിൽ നിന്ന് ഒരു കടുകുമണി വാങ്ങിയിട്ട് വരണം. ഈ ആശ്വാസ വചനം കേട്ട് തന്റെ മകന്റെ ശവശരീരം അവിടെ കിടത്തിയിട്ട് കടുക്മണി വാങ്ങുവാൻ അവൾ വീടുകൾ കയറിയിറങ്ങി. എളുപ്പമെന്നാണ് അവൾ കരുതിയത്. എന്നാൽ സന്ധ്യവരേയും നടന്നലഞ്ഞു ശരീരവും മനസ്സും ക്ഷീണിച്ച് മടങ്ങുമ്പോളും മനസ്സിന്റെ ഉള്ളിൽ ഒരിത്തിരി പ്രതീക്ഷ ബാക്കി വെച്ചിരുന്നു. ഉള്ള കാര്യം പറയുമ്പോൾ ഗുരു മനസ്സലിയും. കുഞ്ഞിന് ജീവൻ കൊടുക്കും. തിരികെ വന്നവൾ പറഞ്ഞു. "സ്ത്രീയേ മരണം നടത്തക്കാത്ത ഒരു കുടുംബങ്ങളുമില്ല. ഇതൊരു പ്രാപഞ്ചിക സത്യമാണ്. ഈ തത്വം നീ അറിയണം." പിന്നേയും അദ്ദേഹത്തിനെന്തൊക്കെയോ പറയണമെന്നുണ്ടായിരുന്നു. അവൾ പിന്നേയും നിലവിളിയോടെ ആ തണുത്തുറഞ്ഞ ശരീരത്തെ താങ്ങി എടുത്തു. തത്വശാസ്ത്രത്തെ പുച്ഛഭാവത്തോടെ നോക്കിയിട്ട് ഇറങ്ങി ഓടി. ഏകദേശം അഞ്ഞൂറോളം വർഷങ്ങൾ ഓടി. അവളോടുകൂടെ വലിയൊരു കൂട്ടം ജനങ്ങളും. അവളും പുരഷാരവും എത്തിച്ചേർന്നത് മറ്റൊരു ഗുരുവിന്റെ മുമ്പിൽ ആയിരുന്നു. നിലവിളിക്കുന്ന സ്ത്രീ ഈ ഗുരുവിനോടൊന്നും ആവശ്യപ്പെട്ടില്ല. എന്നാൽ ഈ ഗുരുവിന് അവളുടെ കണ്ണുനീർ കണ്ടിട്ട് സഹിക്കുവാൻ കഴിഞ്ഞില്ല. അമ്മ മാരുടെ വേദന അവനറിയാം. സാധു വിന്റെ കണ്ണുനീരിന്റെ ചൂട് അവന് അറിയാം. കാരണം അവൻ ജനിച്ചത് രാജകൊട്ടാരത്തിലല്ലല്ലോ. അവൻ ആ സ്ത്രീയോടു പറഞ്ഞു"സ്ത്രീയേ നീ കരയേണ്ട". എന്നിട്ടവൻ ആ ശവശരീരത്തെ തൊട്ടു. ചുമക്കുന്നവർ നിന്നു. ആ ശവശരീരത്തിന്റെ കൈയ്ക്കു പിടിച്ചവൻ പറഞ്ഞു. "ബാല്യക്കാരാ എഴുന്നേൽക്കുക". അവൻ എഴുന്നേറ്റു, സംസാരിക്കുവാൻ തുടങ്ങി. ഈ ഗുരു ഒരു തത്വവും അവരോടു പറഞ്ഞില്ല. ആ കരഞ്ഞു കലങ്ങിയ വിധവ തല ഉയർത്തി നോക്കി. ഭാരം മാത്രം പേറി കൂനിപ്പോയ നടുവ് നിവർത്തി അവൾ നിന്നു. മരണത്തിൽ നിന്ന് എഴുന്നേറ്റ മകനും നിവർന്നു നിന്നു. ആ പട്ടണത്തിന്റെ കണ്ണുനീർ മാറി. അവർ ചേർന്ന് നിലവിളിച്ചുകൊണ്ട് പറഞ്ഞു ഇമ്മാനുവേൽ. ദൈവം നമ്മോടുകൂടെ!.

## ദ്വിമുഖ വടുതൽ

റോമൻ സർക്കാരിന്റെ കിരാതമായ ഭരണകാലം. അനേകം പാവപ്പെട്ട യഹൂദന്മാരെ അവർ കൊന്നൊടുക്കി. യഹൂദന്മാർക്ക് നിഷിദ്ധമായിരുന്ന പന്നിച്ചോര അവരെക്കൊണ്ട് റോമാക്കാർ കുടിപ്പിച്ചു. റോമൻ പട്ടാളം യെരുശലേം പിടിച്ചെടുക്കുമ്പോൾ അനേകം യഹൂദ സ്ത്രീകളെ ക്രൂരമായി ബലാൽസംഗം ചെയ്തു. വിമോചനത്തിനായി നിലവിളിച്ചവരെ തുറുങ്കിലടച്ചു. ഇതെല്ലാം കണ്ടും കേട്ടും ഹൃദയം തകർന്ന് ഭ്രാന്തനായിപ്പോയ ഒരാൾ, അവന് സമൂഹത്തോട് തന്നെ വെറുപ്പ്. അവൻ കല്ലറകളിൽ രാപാർത്തു. വിവസ്ത്ര നായി ചിലപ്പോഴൊക്കെ അവൻ ആർത്തുവിളിച്ചു. ചങ്ങല കൊണ്ട് അവനെ അവർ കെട്ടി. എന്നാൽ അവൻ അതിനെപ്പോലും പൊട്ടി ച്ചെറിഞ്ഞു. സ്വന്തം ശരീരം അവൻ തല്ലിച്ചതച്ചു. ആയിരക്കണക്കിന് റോമൻ പട്ടാളക്കാർക്ക് അവന് അടങ്ങാത്ത രോഷമായിരുന്നു. (റോമൻ പട്ടാളത്തിലെ ഒരു സംഘത്തിനെയാണ് ലെഗ്യോൻ എന്നു പറയുന്നതു). റോമൻ പട്ടാള ത്തിന്റെ പ്രധാന ആഹാരമായിരുന്നു പന്നിയിറച്ചി. ഗദരദേശത്തിലെ പട്ടാള ക്യാമ്പ്. പന്നിയെ കൂട്ടംകൂട്ടമായി വളർത്തിയിരുന്നത് അവർക്ക് ഭക്ഷണ ത്തിനു വേണ്ടി. അശുദ്ധാത്മാവ് ബാധിച്ചവൻ എന്ന് എഴുത്തുകൾ പറയുമ്പോഴും അവനിലുള്ള മനുഷ്യാത്മാവിന്റെ വിലയും, വിളിയും എഴുത്തുകാർ പ്രത്യേകം പ്രാധാന്യം നൽകിയിരിക്കുന്നു. ഗുരു അവനെക്കണ്ട് മനസ്സലിഞ്ഞു. ഒരു വെടിക്കു രണ്ട് പക്ഷി എന്ന് പറയുന്നതുപോലെ. അവന് വിമോചനവും റോമൻ പട്ടാളത്തിന്റെ ഭോഗാസ ക്തിക്ക് വിരാമവും. പന്നികളെ ക്രൂരമായി അവർ തിന്നു കൊണ്ടിരുന്നു. പന്നികളെ ഗ്രാമങ്ങളിൽ ഇന്നും കൊല്ലുന്നരീതി അതിക്രൂരത നിറഞ്ഞതാണല്ലോ. എന്നാൽ ഇവിടെ പന്നികളെ വെള്ളം കുടിച്ച് മരിക്കുവാൻ ഗുരു അവസരം നൽകി. ഒരു തരത്തിലെ ദയാവധം. രോഗിക്കു സൗഖ്യം, ശരീരമാസകലം സ്വന്തമായി മുറിച്ച മുറിവുകളാലും, എല്ലാതര ത്തിലുള്ള ദുർഗന്ധത്താലും, നഗ്നായി നിൽക്കുന്ന ഒരു ശക്തനായ അശക്തൻ നിവർന്നു നിന്നു. തന്റെ കുടുംബക്കാർ വന്നു അവനെ വസ്ത്രം ധരിപ്പിച്ചു. ലജ്ജകൊണ്ട് തല താഴ്ത്തി മാത്രം നടന്ന അവർ അന്ന് ആദ്യം തല ഉയർത്തി നിന്നു. അവരെ അടിച്ചമർത്തിയവരുടെ ഭോജനശാല പൂട്ടിപ്പോയത് കണ്ട് കുട്ടികൾ ആർത്ത് ചരിച്ചു. അവർ ഒരുമിച്ച് ഗുരുവിന്റെ ചുറ്റും കൂടി ആനന്ദലഹരിയിൽ ആറാടിക്കൊണ്ട് പാടി. ഇമ്മാനുവേൽ. ദൈവം നമ്മോടുകൂടെ, ഒരു പക്ഷേ പന്നികൾക്കു ആത്മാവുണ്ടായിരുന്നെങ്കിൽ- അവരും പാടുമായിരുന്നു. ഞങ്ങൾക്കു സുഖമരണം തന്ന ദൈവമേ, അങ്ങേക്കു നന്ദി. ഇമ്മാനുവേൽ, ദൈവം ഞങ്ങളോടും കൂടെ!

## കുഞ്ഞുങ്ങൾ

യേശു മുതിർന്നവരോട് പറഞ്ഞു. ''നിങ്ങൾ ശിശുക്കളെപ്പോലെയാകണം, ദൈവരാജ്യം ശിശുക്കളുടേതാണ്. ശിശുക്കളെ സ്വീകര്ക്കുന്നവരാണ് എന്ന സ്വീകരിക്കുന്നവർ". കുഞ്ഞുങ്ങൾക്ക് ആഹ്ലാദം. മോശെയുടെ സെൻസസ് റിപ്പോർട്ടിൽപ്പോലും കുഞ്ഞുങ്ങളെ ചേർത്തിട്ടില്ലായിരുന്നു. എന്നാൽ യേശു അവർക്കുവേണ്ടിയും വാദിച്ചു. അവരെപ്പോലെയാകുവാൻ ആഹ്വാനം നൽകി. കാരണം അവന്നറയാം അവൻ കുഞ്ഞുനാളിലെ അനുഭവിച്ചവരുന്ന തിരസ്കരണവും ഒറ്റപ്പെടലുകളും. സുഹൃത്തേ, നിങ്ങളുടെ കുഞ്ഞുങ്ങൾ നിങ്ങളെക്കാൾ വലിയവർ ആണ് ദൈവ മുമ്പിൽ. അവരെ അവഗണി ക്കരുത്. യേശുവിനോടൊപ്പം കുഞ്ഞു ങ്ങൾ ഓടിക്കൂടി. അവർ ചീവിടു കണക്കേ വിളിച്ചു കൂകി. ഇമ്മാനുവേൽ. ദൈവം നമ്മോടുകൂടെ! ആ ശബ്ദം ആർപ്പുവിളിയായി അടുത്തുള്ള ഗ്രാമങ്ങളിൽ പ്രതിധ്വനിച്ചു. അവരോടുകൂടെ സ്വർഗ്ഗീയ ദൂതന്മാരും ചേർന്ന് പാടി. ദൈവം നമ്മോടു കൂടെ.

നമുക്കും ഈ ക്രിസ്തുമസ്സ് നാളുകളിൽ പാടാം. ഭാരതത്തിലെ ഗ്രാമങ്ങളിൽ ഈ സന്ദേശം എത്തട്ടെ.

ആമേൻ



# ബൈബിൾ പഠനക്വിസ് - 74

*ഡോ. റ്റി.സി. കിഷോർ മോഹൻ*

ദിനവൃത്താന്തം രണ്ടാം പുസ്തക ത്തിലെ 1 മുതൽ 15 വരെയുള്ള അദ്ധ്യായങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന സംഭവ ങ്ങളെ ആസ്പദമാക്കിയായിരുന്നല്ലോ കഴിഞ്ഞ ലക്കത്തിലെ ബൈബിൾ ക്വിസ് തയ്യാറാക്കിയിരുന്നത്. ജ്ഞാനികളിൽ ജ്ഞാനിയായ ശലോമോന്റെ നാല്പതു വർഷക്കാലത്തെ ഭരണ നേട്ടങ്ങളെക്കുറിച്ചാണ് 1 മുതൽ 9 വരെ അദ്ധ്യായങ്ങളിൽ വിവരിച്ചിരി ക്കുന്നത്. ശലോമോന്റെ കാലശേഷം യെഹൂദാ രാജ്യം ഭരിച്ചിരുന്ന രാജാക്കന്മാരെക്കുറിച്ച് പ്രതിപാദിക്കുകയാണ് 10 മുതൽ 36 വരെയുള്ള അദ്ധ്യായങ്ങളിൽ. ''നിങ്ങൾ യഹോവയോടു കൂടെ ഇരിക്കുന്നേടത്തോളം അവൻ നിങ്ങളോടു കൂടെ ഇരിക്കും.'' (15: 2). സത്യദൈവത്തെ ആരാധിക്കുന്നതിൽ നിന്നും ക്രമേണ വഴുതി മാറിക്കൊണ്ടിരുന്ന ദൈവ ജനത്തെ വീണ്ടും ന്യായപ്രമാണത്തിലേക്ക് അടുപ്പിക്കുന്നതിൽ ബഹുഭൂരിപക്ഷം രാജാക്കന്മാരും പരാജയപ്പെടുകയാണ് ചെയ്തത്. ദൈവ സന്നിധിവിട്ടകലും തോറും ജനത്തിന് വളരെയധികം പ്രയാസങ്ങൾ നേരിട്ടുകൊണ്ടിരുന്നു. പലപ്പോഴും ഇത്തരം വിഷമഘട്ട ങ്ങളിലാണ് പലർക്കും രാജ്യഭരണ മേറ്റെടുക്കേണ്ടിവന്നിട്ടുള്ളത്. കടുത്ത വിഗ്രഹാരാധിയായിരുന്ന സ്വന്തം മാതാവിനെ രാജ്ഞി സ്ഥാനത്തു നിന്നും നീക്കുന്നതിലൂടെ ആസാ രാജാവ് സർവശക്തനായ ദൈവത്തിന് ഏറ്റവും ഇഷ്ടമുള്ളവനായി തീരുന്നു. ''ആസയുടെ വാഴ്ചയുടെ മുപ്പത്തഞ്ചാം സംവത്സരം വരെ പിന്നെ യുദ്ധം ഉണ്ടായില്ല'' (15:19). തുടർന്നുള്ള അദ്ദേഹത്തിന്റെ ഭരണം ദൈവത്തിന് അത്ര പ്രസാദകരമായിരുന്നില്ല. യിസ്രായേൽ രാജാവായ ബയെശായുടെ ആക്രമണത്തിൽ നിന്നും രക്ഷപ്പെടുന്നതിന് അരാം രാജാവുമായി ഉടമ്പടിയിൽ ഏർപ്പെട്ടത് ദൈവകോപത്തിനിടയാക്കി. ദർശകനായ ഹനാനിയുടെ ശാസനയെപ്പോലും അവഗണിച്ച അദ്ദേഹത്തിന് ഒടുവിൽ കാലിൽ ഒരു മഹാവ്യാധി പിടിപെടുന്നു. ''എന്നാൽ അവൻ തന്റെ ദീനത്തിൽ യഹോവയെ അല്ല, വൈദ്യന്മാരെ അത്രേ അന്വേഷിച്ചത്'' (16 : 12).

ആസാ രാജാവിന്റെ കാലശേഷം യെഹൂദയുടെ ഭരണം ഏറ്റെടുത്ത യെഹോശാഫാത്ത് തന്റെ പിതാവിനെപ്പോലെയായിരുന്നില്ല. യഹോവയ്ക്ക് പ്രസാദകരമായത് ചെയ്യാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ദൈവത്തിൽ നിന്നും അകന്നു കൊണ്ടിരുന്ന ജനത്തെ ദൈവത്തിങ്കലേക്ക് അടുപ്പിക്കുവാൻ പല മാർഗ്ഗങ്ങളും സ്വീകരിച്ചു. അവയിൽ ശ്രദ്ധേയമായത് ദൈവ ജനത്തെ ഉപദേശിക്കുവാൻ ലേവ്യരെ നിയോഗിച്ചു എന്നതാണ്. തൽ ഫലമായി 'യഹോവ അവന് രാജത്വം ഉറപ്പിച്ചു കൊടുത്തു' (17:5).

യെഹൂദാരാജ്യത്തെ തന്റെ സ്വന്ത ജനമായി ഉറപ്പിക്കുക എന്നതായിരുന്നു ദൈവഹിതം. എന്നാൽ പലഘട്ടങ്ങളിലും യെഹോശാഫാത്ത് യിസ്രായേൽ രാജാവുമായി സന്ധിയിലേർപ്പെട്ട് യുദ്ധം ഒഴിവാക്കിയിരുന്നു. ഇത് ദൈവത്തിന് ഹിതകരമായ പ്രവൃത്തിയായിരുന്നില്ല. മഹാദുഷ്പ്രവൃത്തിക്കാരനായിരുന്ന യിസ്രായേൽ രാജാവായ അസഹ്യാവുമായുള്ള സഖ്യം അവന്റെ മരണത്തിനു കാരണമായി തീരുന്നു. തുടർന്നു രാജ്യ ഭരണം ഏറ്റെടുത്ത യെഹോരാമും നീച പ്രവൃത്തികളുടെ ഫലമായി മാറാത്ത രോഗത്തി നടിമപ്പെട്ട് മരണത്തിന് കീഴടങ്ങുന്നു. അതിനുശേഷം യെഹൂദാ ഭരിച്ച ഒട്ടുമിക്ക രാജാക്കന്മാരും ദൈവ ഹിതത്തിനും ദൈവാശ്രയത്തിനും വിരോധമായി പ്രവർത്തിച്ചതായാണ് ദിനവൃത്താന്തത്തിന്റെ രണ്ടാം പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഒടുവിൽ യോശീയാവിനുശേഷം വന്ന നാലു രാജാക്കന്മാരുടെ കാലത്താണ് ഈ രാജ്യത്തിന് സമ്പൂർണ്ണ വിനാശം സംഭവിച്ചത്. മൂന്നുപ്രാവശ്യം ബാബിലോണിയൻ രാജാക്കന്മാർ യെഹൂദയിലെ രാജാവിനെയും ജനങ്ങളെയും അടിമകളാക്കി സ്വദേശത്തേക്കുകൊണ്ടുപോയി. ഒടുവിൽ യെരുശലേം നഗരവും ദേവാലയവും പൂർണ്ണമായി നശിപ്പിക്കപ്പെടുന്നു. 70 വർഷത്തെ അടിമത്തത്തിനുശേഷം യെരുശലേം നഗരവും ദേവാലയവും പുതുക്കിപ്പണിയാനുള്ള കോരെശ് രാജാവിന്റെ ആഹ്വാനത്തോടെ ദിനവൃത്താന്തം രണ്ടാം പുസ്തകം അവസാനിക്കുന്നു.

ഈ ഗ്രന്ഥത്തിന്റെ 16 മുതൽ 36 വരെയുള്ള അദ്ധ്യായങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന സംഭവങ്ങളെ ആസ്പദമാക്കിയാണ് ഈ ലക്കത്തിലെ ബൈബിൾ ക്വിസ് ക്രമീകരിച്ചിരിക്കുന്നത്. ഓരോ വാക്യവും ശ്രദ്ധാപൂർവ്വം വായിച്ച് താഴെക്കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം കണ്ടുപിടിച്ചെഴുതുക.

## ചോദ്യങ്ങൾ

1. യെഹോശാഫാത്തിന്റെ പിതാവിന്റെ പേരെന്ത്?
2. യുദ്ധത്തിനു പോകേണമോ എന്ന് 400 പ്രവാചകന്മാരോടു അഭിപ്രായം ആരാഞ്ഞ രാജാവ്?
3. ആഹാബിനെക്കുറിച്ച് എപ്പോഴും ദോഷം മാത്രം പ്രവചിക്കുന്ന പ്രവാചകൻ?
4. സിദെക്കിയാവ് ഒരു പ്രവാചകന്റെ ചെകിട്ടത്ത് അടിച്ചു ആരുടെ?
5. കാരാഗൃഹത്തിൽ കിടന്ന് ഞെരുക്കത്തിന്റെ അപ്പവും വെള്ളവും ഭക്ഷിക്കാൻ വിധിക്കപ്പെട്ട പ്രവാചകൻ?
6. യേഹൂ ദർശകന്റെ പിതാവാര്?
7. യെഹോരാം എത്ര സംവത്സരം യെരൂശലേമിനെ ഭരിച്ചു?
8. യഹോവയെ വിട്ട് അശേര പ്രതിഷ്ഠകളിൽ ആശ്രയം വെച്ച യെഹോരാമിനു ഒരു കത്തു മുഖേന മുന്നറിയിപ്പു നൽകിയ പ്രവാചകൻ?
9. യെഹൂദ രാജ സന്തതികളെ നശിപ്പിച്ച് തന്റെ മകന്റെ മരണത്തിനു പ്രതികാരം ചെയ്ത സ്ത്രീ?
10. 7-ാം വയസ്സിൽ രാജ്യഭരണം ഏറ്റെടുത്തയാൾ?
11. സ്വന്തം ഭൃത്യന്മാരാൽ കൊല്ലപ്പെട്ട രാജാവ്?
12. ഉസ്സിയാവിന്റെ അമ്മയുടെ പേരെന്ത്?
13. ധൂപ പീഠത്തിനരികെ വെച്ച് നെറ്റിയിൽ കുഷ്ഠം ബാധിച്ച രാജാവ്?
14. വനങ്ങളിൽ കോട്ടകളും ഗോപുരങ്ങളും പണിത രാജാവ്?
15. ഒരേ ദിവസം ഒരു ലക്ഷത്തി ഇരുപതിനായിരം പരാക്രമശാലികളെ വകവരുത്തിയവൻ?
16. യെഹിസ്കിയാവിന്റെ അമ്മയുടെ പേര്?
17. മുഹൂർത്തം നോക്കി പുത്രന്മാരെ അഗ്നിപ്രവേശം ചെയ്യിച്ച രാജാവ്?
18. ചങ്ങലയിട്ടു ബാബേലിലേക്കു കടത്തപ്പെട്ട രാജാവ്?
19. 8-ാം വയസ്സിൽ രാജ്യഭരണം ഏറ്റെടുത്ത വ്യക്തി?
20. പൂജാരികളുടെ അസ്ഥികളെ ബലിപീഠങ്ങളിൽ ദഹിപ്പിച്ച രാജാവ്?
21. വെറും മൂന്നു മാസം യെരൂശലേം ഭരിച്ച രാജാവ്?
22. യഹോയാക്കീമിന്റെ മറ്റൊരു പേരെന്ത്?

## 73 - ന്റെ ശരി ഉത്തരങ്ങൾ

1. സോർ രാജാവായ ഹൂരാം (2. ദിന. 2:3)
2. ഒരു ലക്ഷത്തമ്പത്തിമൂവായിരത്തറുനൂറുപേർ(2:17)
3. മോരിയാ പർവ്വതം (3:1)
4. യാഖീൻ, ബോവസ് 3:17)
5. താമ്രം (4:1)
6. കൊത്തുപണി ചെയ്തു പൊന്നുകൊണ്ട് പൊതിഞ്ഞു (3:10)
7. സീയോൻ (5:2)
8. മേഘം (5:14)
9. തീ ഇറങ്ങി യാഗം ദഹിപ്പിച്ചു (7:1)
10. 20 സംവത്സരം (8:1)
11. അബീയാവ് (11:22)
12. 41 വയസ്സ് (12:13)
13. മീഖായ (13:2)
14. മൂന്ന് സംവത്സരം (13:2)
15. ആസാ (14:1)
16. ആസാ (15:1)
17. മയഖ (15:16)
18. ആസാ (16:12)

## 73-ന്റെ ശരിയുത്തരങ്ങൾ അയച്ചവർ

1. മിനിസാബു, മീനങ്ങാടി, വയനാട്
2. കെ. വിൽഫ്രഡ്, കോൺവെന്റ് റോഡ്, കണ്ണൂർ
3. ആലീസ് ജോർജ്, കുടപ്പനക്കുന്ന്, തിരുവനന്തപുരം
4. എലിസബത്ത് അനീഷ്, ജാലഹള്ളി, ബാംഗ്ലൂർ
5. ക്രിസിൽഡ, പാപ്പിനിശ്ശേരി
6. ചിന്നമ്മ ചെറിയാൻ തത്തമംഗലം, പാലക്കാട്
7. ഡി. ബേബി, സത്യൻനഗർ, തിരുവന്തപുരം

# മദ്ധ്യപ്രദേശ്, മഹാരാഷ്ട്ര ഗ്രാമങ്ങൾ – കൊയ്ത്തിനായി വിളയുന്ന വയലേലകൾ

*കെ. കെ. ജോർജ്, മിഷൻ ഡയറക്ടർ*

**ജി.** എം.ഐയുടെ നേതൃത്വത്തിൽ മദ്ധ്യപ്രദേശ്, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിലെ വിവിധ മിഷണറി



*പാസ്റ്റർ മന്നുലാലിന്റെ നേതൃത്വത്തിൽ നടക്കുന്ന കൂട്ടായ്മ*

പ്രവർത്തനമേഖലകൾ സന്ദർശിക്കുകയും അവിടെ നടക്കുന്ന പ്രവർത്തനങ്ങൾ നേരിൽ കാണുകയും ചെയ്ത അവസരത്തിൽ; പുറം ലോകം അറിയാതിരിക്കുമ്പോഴും തന്റെ മുന്നിലേക്ക് കടന്നുവരുന്ന മക്കളെ അത്ഭുതങ്ങളൂടെയും അടയാളങ്ങളുടെയും അകമ്പടിയോടെ കൈപിടിച്ചു നടത്തുന്ന ഒരു വലിയ പിതാവിന്റെ സ്നേഹമാണ് ദർശിക്കുവാൻ കഴിഞ്ഞത്. മദ്ധ്യപ്രദേശിൽ ജി.എം.ഐ. ഏരിയ കോ-ഓർഡിനേറ്റർ പാസ്റ്റർ മന്നുലാലിന്റെ നേതൃത്വത്തിൽ മാണ്ട്ല, ഡിൻഡോരി ജില്ലകളിലെ ദർഗർ, സിംഗാർസാഥി, ഡുമെർടോല, ലാൽപൂർ, ഡൂഥി, അംദാരി, ടിക്രി പിപ്രി, ബാസിഡിയോരി, മുകാഷ്ഖുർദ്, ഖാംഹി, രാംഗുഡ, ഡുല്ലോപൂർ എന്നീ ഗ്രാമങ്ങളിൽ നടക്കുന്ന ശുശ്രൂഷയിലൂടെ വിശ്വാസികളുടെ വലിയ ഒരു കൂട്ടം ഉണ്ടായിരിക്കുന്നു. അവർ ദൈവത്തെ പൂർണ്ണ ഹൃദയത്തോടെ ആരാധിക്കുകയും വിശ്വസിച്ച് പ്രാർത്ഥിക്കുകയും ചെയ്യുന്നത് മുഖാന്തിരം രോഗങ്ങൾ വിട്ടുമാറി വിടുതൽ പ്രാപിക്കുന്ന അതിശയിപ്പിക്കുന്ന സാക്ഷ്യങ്ങളാണ് ആബാലവൃദ്ധം വിശ്വാസികൾക്കും പ്രസ്താവിക്കുവാനുള്ളത്.

അരവിന്ദ് കുമാർ, സഹ്പത്സിംഗ് മാർക്കം, ജിയലാൽ മരാവി, ഗ്രേഷ് കുമാർ മാർക്കം, തീരത്ത് സിംഗ് പട്ട, ദീപക് സിംഗ് മരാവി, ഭജൻ സിംഗ് പട്ട എന്നീ മിഷണറിമാരാണ് പാസ്റ്റർ മന്നുലാലിനു കീഴിൽ പ്രവർത്തിക്കുന്നത്. സഹോ. അരവിന്ദ് കുമാർ ടിക്രിപിപ്രി ഗ്രാമം കേന്ദ്രമാക്കി പ്രവർത്തിക്കുന്നു. താൻ പ്രവർത്തിക്കുന്ന ഭംബാർഭണ്ഡി ഗ്രാമത്തിൽ ക്രിസ്തീയ വിരുദ്ധ പ്രവർത്തനങ്ങൾ മുഖാന്തരം സുവിശേഷപ്രവർത്തനം സുഗമമായി നടത്തുവാൻ കഴിയാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. എന്നാൽ പ്രതികൂല സാഹചര്യങ്ങളെ തൃണവൽഗണിച്ചു കൊണ്ട് പ്രിയ സഹോദരൻ ചെയ്യുന്ന പ്രവർത്തനങ്ങൾ അനേകർക്ക് അനുഗ്രഹപ്രദമായി വർത്തിക്കുന്നു.

സഹോദരൻ സഹ്പത് സിംഗ് പ്രവർത്തിക്കുന്ന ഡിയോരി കല, പിപ്പരിയ, കേരിബാഹ്, ധുധരി, മുട്ലാപാനി, ചക്ദഹി എന്നീ ഗ്രാമങ്ങളിലും രക്ഷയും വിടുതലും തന്റെ ശുശ്രൂഷയിലൂടെ എളിയവരായ ഗ്രാമീണ ജനതയ്ക്ക് അനുഭവ വേദ്യമാകുന്ന കാഴ്ച കാണുവാൻ കഴിഞ്ഞു. സഹോദരൻ ജിയലാൽ മരാവി പ്രവർത്തിക്കുന്ന സിംഗാർ സാഥി ഗ്രാമം വളരെ അധികം പ്രതികൂലങ്ങൾ നിലനിൽക്കുന്ന പ്രദേശമാണ്. എന്നാൽ പ്രതികൂലങ്ങളെ അനുകൂലമാക്കുന്ന സർവ്വശക്തനായ ദൈവത്തിന്റെ കരം പ്രിയ സഹോദരനോടു കൂടെയിരിക്കുന്നു.

സഹോ. ഗ്രേഷ്കുമാർ മർക്കം



*മഹാരാഷ്ട്രയിലെ ജി.എം.ഐ മിഷണറിമാർ*

പ്രവർത്തിക്കുന്ന ബിജോറാ ഗ്രാമത്തിലും കൂട്ടായ്മകൾ അനഗ്രഹപ്രദമായി നടക്കുന്നു. സഹോ. തീരത് സിംഗ് പട്ട സുവിശേഷവുമായി കടന്നു പോകുന്ന നേവസ, ഡൂധി, ഉദരി, അംദരി, മഞ്ഞോലി, ഹോർട്ട് എന്നീ ഗ്രാമങ്ങളിലെ പ്രവർത്തനങ്ങളും, സഹോ. ദീപക് സിംഗ് മരാവി ബഹേരാ ടോല ഗ്രാമം കേന്ദ്രമാക്കി നടത്തുന്ന പ്രവർത്തനങ്ങളും ഏറെ പുരോഗമിച്ചു വരുന്നു. സഹോ. ഭജൻ സിംഗ് പട്ട, മൊഹോത്ര എന്ന ഗ്രാമത്തിൽ പുതുതായി ആരംഭിച്ച പ്രവർത്തനം മുഖാന്തിരം മൂന്നു കുടുംബങ്ങളിൽ നിന്നും 10 വ്യക്തികൾ വിശ്വാസത്തിലേക്ക് കടന്നുവരുവാൻ ഇടയായി. മൂന്നു പേർ ജലസ്നാനവും സ്വീകരിച്ചു. ആ ഗ്രാമത്തിൽ പുതുതായി ആരംഭിച്ച ഹൗസ് ചർച്ചിലും പ്രെയർ സെല്ലിലും ഇവരെല്ലാവരും സജീവമായി സംബന്ധിക്കുന്നു.



*പാസ്റ്റർ മന്നുലാലും സഹമിഷണറിമാരും*

ചിട്ടയായ പ്രവർത്തനങ്ങളിൽ കൂടി, ദൈവീക അത്ഭുതങ്ങളുടെ പിൻബലവുമായി ജി.എം.ഐ മിഷണറിമാർ മദ്ധ്യപ്രദേശിൽ ദൈവവചനം പ്രഘോഷിച്ച് അനേകരെ ദൈവരാജ്യത്തിനായി ആദായപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ഡിൻഡോരി, മാണ്ട്ല ജില്ലകളിലെ ജി.എം.ഐ. മിഷൻ പ്രവർത്തനങ്ങളുടെ അനുഗ്രഹത്തിനായി നമുക്ക് പ്രാർത്ഥിക്കാം.

മഹാരാഷ്ട്രയിൽ ജി.എം.ഐ മിഷണറിമാർ നാഗ്പൂറിന്റെ പ്രാന്തപ്രദേശങ്ങൾ കേന്ദ്രീകരിച്ച് അനുഗ്രഹിക്കപ്പെട്ട വേല ചെയ്യുന്നു. ജി.എം.ഐ.യുടെ നാഗ്പൂർ അനുഗ്രഹസേവാ ആശ്രമത്തിൽ സ്ഥിതി ചെയ്ത് പ്രവർത്തിക്കുന്ന സഞ്ചരിക്കുന്ന കൂടാര ശുശ്രൂഷയിലെ 9 മിഷണറിമാരെ കൂടാതെ 4 പേർകൂടി ജി.എം.ഐ യുടെ മിഷണറിമാരായി പ്രവർത്തിക്കുന്നു. അവർ എല്ലാവരും നാഗ്പൂറിന് അടുത്തായി സ്ഥിതിചെയ്യുന്ന ഗ്രാമങ്ങളിൽ പോയി രക്ഷയുടെ സുവിശേഷം അറിയിക്കുന്നു. സഹോ. വിനോദ് ചൗറേ ബേൽ വാടാ, സാവർമേട, ബൈജൻബാഗ്, താജ് നഗർ എന്നീ ഗ്രാമങ്ങളിലും, ഗുംതല കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സഹോ. ബന്ധുരാധേ ശ്യം, ചാക്കൈഖൊപ്പ, കൊറാഡി, ലൊനാരാ, സുരാദേവി, ഗുമാത്തി എന്നീ ഗ്രാമങ്ങളിലും സുവിശേഷമായി കടന്നു പോകുന്നു. ലിഹിഗാവ് ഗ്രാമത്തിൽ പ്രവർത്തിക്കുന്ന സഹോ. സുരേന്ദ്രമുസഞ്ചി ദോകെയുടെയും; ഗുമാത്തി, ചാക്കൈഖൊപ്പ, കൊറാഡി, സുരാദേവി, ഖപാർഘേട എന്നീ ഗ്രാമങ്ങളിൽ പ്രവർത്തിക്കുന്ന സഹോ. ഗോവിന്ദിന്റെയും പ്രവർത്തനങ്ങളും അനുഗ്രഹപ്രദമായി നടക്കുന്നു.

ദെഹേഗാവിൽ സ്റ്റേറ്റ് ഹൈവേയോട് ചേർന്ന് 3 ഏക്കർ വരുന്ന സ്ഥലത്താണ് ജി.എം.ഐ അനുഗ്രഹ സേവാ ആശ്രമം സ്ഥിതിചെയ്യുന്നത്. ഇവിടെയാണ് സഞ്ചരിക്കുന്ന കൂടാരശുശ്രൂഷയുടെ രണ്ടു വാഹനങ്ങളും പാർക്ക് ചെയ്തിരിക്കുന്നത്. സഞ്ചരിക്കുന്ന കൂടാരശുശ്രൂഷയുമായി ബന്ധപ്പെട്ട് കർത്താവിന്റെ വേല ചെയ്യുന്ന സഹോ. സി. ബഞ്ചമിൻ, സഹോ. ജഗദീഷ് പ്രസാദ് യാദവ്, സഹോ. ജഗദീഷ് പ്രസാദ് ഉഹ്കെ, സഹോ. മൻസാറാം ഉഹ്കെ, സഹോ. റാം ബറോസ്, സഹോ. മുകേഷ് കുമാർ, സഹോ. ഘനശ്യാം യാദവ്, സഹോ. സാമയ്യ, സഹോ. പ്രഭാകർ എന്നിവർ ഇവിടെ താമസിച്ച് പ്രവത്തിക്കുന്നു. എല്ലാ ദിവസവും രാവിലെയും വൈകിട്ടും കൂട്ടായ്മകളും ഞായറാഴ്ചകളിൽ പ്രത്യേക ശുശ്രൂഷയും നടത്തപ്പെടുന്നു. ജി.എം.ഐയുടെ മുതിർന്ന മിഷണറിയും സഞ്ചരിക്കുന്ന കൂടാര ശുശ്രൂഷയുടെ ലീഡറുമായ സഹോ. സി.ബെഞ്ചമിൻ കുടുംബമായി അവിടെ താമസിച്ചു എല്ലാ പ്രവർ



*ജി.എം.ഐ. അനുഗ്രഹ സേവാ ആശ്രമത്തിലെ കൂട്ടായ്മ*

ത്തനങ്ങൾക്കും നേതൃത്വം നൽകുന്നു.

ജി.എം.ഐ.യുടെ അനുഗ്രഹ സേവാ ആശ്രമത്തിൽ വിവിധമായ നിർമ്മാണ പ്രവർത്തനങ്ങൾ ഉടനെ നടക്കേണ്ടതായിട്ടുണ്ട്. ചർച്ച്, ഡോർമട്രി തുടങ്ങിയവ വളരെ അത്യാവശ്യമായി പൂർത്തിയാക്കേണ്ടിയിരിക്കുന്നു. നാം ഓരോരുത്തരും ആത്മർത്ഥമായി പ്രാർത്ഥിച്ചാൽ അവിടത്തെ സാമ്പത്തിക ആവശ്യങ്ങൾ സർവ്വ ശക്തനായ ദൈവം നിറവേറ്റിത്തരും. ആ നിർമ്മാണ പ്രവർത്തനങ്ങളെ ഓർത്ത് പ്രാർത്ഥിക്കുകയും നമ്മളാൽ കഴിവതു സഹായിക്കുകയും ചെയ്തീടാം.

# ത്രിപുരയിലെ ഗ്രാമങ്ങളിൽ ഉണർവ്വിന്റെ കാഹളവുമായി ജി.എം.ഐ. മിഷണറിമാർ

*മിഷൻ ന്യൂസ് ബ്യൂറോ, ജി.എം.ഐ*

ത്രിപുരയിലെ ജി.എം.ഐ. മിഷൻ പ്രവർത്തനങ്ങളുടെ ചുക്കാൻ പിടിക്കുന്ന ജി.എം.ഐ. റീജിയണൽ കോ-ഓഡിനേറ്റർ സഹോ. സുബ്രതാഗാംഗുലി കുടുംബമായി കർത്താവിന്റെ വയൽപ്രദേശത്ത് അദ്ധ്വാനിക്കുന്നു. തന്റെ നേതൃത്വം ത്രിപുരയിലെ പ്രവർത്തനങ്ങൾക്ക് വളരെ മുതൽകൂട്ടാണ്. 6 മിഷണറിമാർ ത്രിപൂരയിലെ വിവിധ ഗ്രാമങ്ങളിൽ പ്രവർത്തിച്ചുവരുന്നു.

ഖോവായ് സബ്ഡിവിഷനിലെ ചമ്പാഹോർ ഏരിയയിൽ പുതുതായി പ്രവർത്തനം ആരംഭിച്ച സഹോ. അജോയ് ദെബർമ്മ സിപായി ഹൊറാർ, തലംഗാ ബൊസ്തി, ഫുൾടായി, ദാലി മൈധാൻ, സാംടാലി എന്നീ ഗ്രാമങ്ങളിൽ സുവിശേഷവുമായി കടന്നു പോകുന്നു. ചമ്പാഹാറിൽ വിശ്വാസികൾക്ക് ഒത്തുചേർന്ന് കൂട്ടായാമ ആചരിക്കുവാനും പ്രാർത്ഥിക്കുവാനുമായി ഒരു പ്രയർ ഹാൾ പണിയുവാൻ ദൈവം സഹായിച്ചു. ഈ പുതിയ പ്രയർ ഹാളിന്റെ ഉദ്ഘാടനം റീജിയണൽ കോ-ഓർഡിനേറ്റർ സഹോ. സുബ്രതാ ഗാംഗുലി നിർവ്വഹിച്ചു. 14 വ്യക്തികൾ ഇവിടെ വിശ്വാസികളായുണ്ട്.

ഖുംലുംങ് ഏരിയയിലെ ബുദ്ധുചന്ദ്രപാറയിൽ പ്രവർത്തിക്കുന്ന സഹോ. രത്തൻ ദേബർമ്മയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന കൂട്ടായ്മയിൽ സംബന്ധിക്കുന്ന 33 പേരിൽ ഒരാളൊഴികെ എല്ലാവരും ജലസ്നാനം സ്വീകരിച്ചവരാണ്. പ്രെയർ സെൽ കൂട്ടായ്മയിൽ 4 പേർ അംഗങ്ങളാണ്. അവർ വിവിധ വിഷയങ്ങൾക്കായി പ്രാർത്ഥനയിൽ പോരാടുന്നു.




*സഹോ. അജോയ് ദെബർമ്മയുടെ പ്രവർത്തനമേഖലയായ ചമ്പാഹോറിലെ പുതിയ പ്രെയർ ഹാൾ*

ടക്കേർജല ഏരിയയിലെ പായിലാബംഗാപാറയിൽ സഹോ. രൺജിത് ദെബർമ്മയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന കൂട്ടായ്മയിൽ 14 പേർ അംഗങ്ങളാണ്. ഇതിൽ 9 പേർ ജലസ്നാനം സ്വീകരിച്ചവരാണ്. ബാക്കി അഞ്ച് വ്യക്തികൾ ഡിസംബറിൽ ജലസ്നാനമേൽക്കുവാനുള്ള തീരുമാനത്തോടെ ആയിരിക്കുന്നു.

മലബട്ടിയിൽ പ്രവർത്തിക്കുന്ന സഹോ. സുരജിത് ദെബർമ്മയുടെ നേതൃത്വത്തിൽ മലബട്ടിയിലും സാംബുരാംപാറയിലും ഉള്ള കൂട്ടായ്മകൾ അനുഗ്രഹപ്രദമായി നടത്തപ്പെടുന്നു. മലബട്ടിയിൽ 15 വ്യക്തികൾ കൂട്ടായ്മകളിൽ പങ്കെടുക്കുന്നു. ഇവരിൽ 11 പേർ ജലസ്നാനം സ്വീകരിച്ചവരാണ്. സാംബുരാം പാറയിൽ 4 വിശ്വാസികൾ ഉണ്ട്. എല്ലാ ബുധനാഴ്ചകളിലും ഭവനങ്ങളിൽ പ്രാർത്ഥനാ കൂട്ടായ്മകൾ നടത്തി വരുന്നു.

ഖോവായി സബ് ഡിവിഷനിലെ ഉട്ടലാബാരി കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സഹോ. മനൂജ് ദെബർമ്മയുടെ നേതൃത്വത്തിൽ ഉട്ടലാബാരിയിൽ പ്രവർത്തിക്കുന്ന ചർച്ചിൽ 23 പേർ അംഗങ്ങളാണ്. 3 പ്രെയർ സെൽ കൂട്ടായ്മകൾ ക്രമമായി നടക്കുന്നു. ഭൗമികമായി വളരെ താഴ്ന്ന ജീവിത സാഹചര്യങ്ങളാണ് ആ പ്രദേശങ്ങളിൽ നിലനിൽക്കുന്നത്. ആ ജനതയുടെ ഉന്നമനത്തിനായും അവരെല്ലാവരും ദൈവരാജ്യത്തിന് അവകാശികളായിത്തീരേണ്ടതിനായും പ്രാർത്ഥിച്ചീടാം.

ഖുംലുംങ് ഏരിയയിലെ ബൊയാ ചന്ദ്രപാറയിൽ സഹോ. കൂഞ്ചാദെബർമ്മയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന കൂട്ടായ്മയിൽ 36 വ്യക്തികൾ പങ്കെടുത്തുവരുന്നു. സഹോദരിമാർക്കായും പ്രത്യേക കൂട്ടായ്മകൾ അനുഗ്രഹപ്രദമായി നടക്കുന്നു.

ത്രിപുരയിലെ മിഷണറി സഹോദരന്മാരുടെ ആത്മാർത്ഥമായ പ്രവർത്തനങ്ങൾ അനേകർ രക്ഷയും ആശ്വാസവും വിടുതലും അനുഭവിക്കുവാൻ ഹേതുവായിത്തിരുന്നു. തുടർന്നും പ്രിയ സഹോദരന്മാർ കർത്താവിനായി അധികം പ്രയോജനപ്പെടുവാൻ ആവശ്യമായ ദൈവകൃപ ഉയരങ്ങളിൽ നിന്നും പകരപ്പെടേണ്ടതിനായി പ്രാർത്ഥിച്ചീടാം.




*റീജിയണൽ കോ-ഓർഡിനേറ്റർ സഹോ. സുബ്രതാംഗാംഗുലി പ്രെയർ ഹാൾ ഉത്ഘാടനം ചെയ്യുന്നു*




*കൂട്ടായ്മയിലെ വിശ്വാസികൾ പ്രെയർ ഹാളിന് മുന്നിൽ*



# വിശ്വാസം പ്രവൃത്തിയിൽ

*രാജൻ ജെ. ആഷെർ*

നിഷ്ക്രിയത്വത്തിനു കരാറെടുത്തിരിക്കുന്ന ചിലർക്കു വിശ്വാസം പ്രഖ്യാപനത്തിനും മറ്റു ചിലർക്ക് ഇടയ്ക്കിടെ സാക്ഷി പറയാനുമുള്ള വെറും വാക്കുകൾ മാത്രമാണ്. ഈ പ്രഖ്യാപനങ്ങളും പറച്ചിലുകളുമൊക്കെ മതി അങ്ങേക്കരയെത്താനെന്നവർ വിശ്വസിച്ചു വെച്ചിരിക്കുന്നു.

ഇങ്ങനെ വിശ്വാസവചനങ്ങളുരുവിട്ടുകൊണ്ടു നിഷ്ഫലരായിരിക്കുന്നവരെ നോക്കി യാക്കോബ് ചോദിക്കുന്നു. വ്യർത്ഥ മനുഷ്യാ, പ്രവൃത്തിയില്ലാത്ത വിശ്വാസം ഫലശൂന്യമെന്നു ഗ്രഹിക്കാൻ നിനക്കു മനസുണ്ടോ? മന:സാക്ഷിയിൽ തറയ്ക്കുന്ന ഈ വാക്ശരത്തിനു മുന്നിൽ മുട്ടും മനസ്സും മടക്കാതെ വിശ്വാസികൾ മുന്നേറുന്നു. അവർക്ക് ആശ്വാസമായി "വേദപണ്ഡിത ശിരോമണികളായ" ചിലരുടെ കൂട്ടും ഉണ്ടാവും. അവർക്ക് യാക്കോബിന്റെ ലേഖനം വെറും 'പാഴ്' ആണ്.

### യാക്കോബിന്റെ പാഠം

ഒരു പക്ഷേ, യാക്കോബിന്റെ ലേഖനം നമ്മുടെയിടയിൽ അധികം പഠന - പഠിപ്പിക്കൽ - പ്രസംഗ -വിഷയമാകാത്തതു യാക്കോബിന്റെ വാക്കുകളുടെ മൂർച്ചകൊണ്ടാവാം. വിശ്വാസം പ്രവൃത്തിയിലൂടെ പ്രകടമാവണം എന്നദ്ദേഹം പറയുന്നതു കർക്കശസ്വരത്തിലാണ്. പ്രവൃത്തിയില്ലാത്ത വിശ്വാസം സ്വതവേ ചത്തതാണ് (യാക്കോ. 2:17), അദ്ദേഹം തുടരുന്നു.

നമ്മുടെ പിതാവായ അബ്രഹാം തന്റെ മകനായ യിസഹാക്കിനെ യാഗപീഠത്തിൽ അർപ്പിച്ചിട്ടു പ്രവൃത്തിയാൽ അല്ലയോ നീതീകരിക്കപ്പെട്ടത് (2:21)? അല്ലാതെ "ആരാധിച്ചീടാം" എന്നു പറഞ്ഞു മകനെയും കൂട്ടി സന്നാഹങ്ങളോടെ നടക്കുകയായിരുന്നോ (ഉല്പ. 22:57)? അവിടെ ചെന്നു യാഗപീഠം പണിതു വിറക് അടുക്കി മകനെ കെട്ടി വിറകിൻമേൽ കിടത്തി (ഉല്പ. 22:9). തന്റെ ഏകജാതനെ അർപ്പിച്ചു (എബ്രാ. 11:17-18). അതു വിശ്വാസത്താലായിരുന്നു എന്നത് അതിന്റെ മഹത്വം. നമുക്ക് ഇന്നും ആരാധന പാട്ടിലൊതുങ്ങുന്നു എന്നതു ദുഖകരവും.

യാക്കോബ് പിന്നീടു പറയുന്നതു രാഹാബിന്റെ കഥയാണ്. അവരും ഒറ്റുനോക്കാൻ വന്നവരെ കൈക്കൊള്ളുക മാത്രമല്ല വേറെ വഴിയായി അയക്കുകയും ചെയ്തു. വിശ്വസം പ്രഖ്യാപനങ്ങളിൽ നിന്നു പ്രവൃത്തിയിലേക്കു പരിണമിക്കണം. അല്ലാതെ വിശ്വസിക്കുന്ന കാര്യങ്ങൾ വാക്കുകളിൽ മാത്രം ഒതുക്കിയാൽ അതു ക്രിസ്തീയത ആവുകയില്ല. ക്രിസ്ത്യാനി വിശ്വസിക്കുന്നതു പ്രവൃത്തിക്കുന്നവനാകണം. വിശ്വാസം കൂടാതെയുള്ള പ്രവൃത്തി ഗുണം ചെയ്യില്ല താനും.

### ഒന്നിൽ തെറ്റിയാൽ എല്ലാം തെറ്റി

യാക്കോബിന്റെ ലേഖനത്തിലെ മറ്റൊരു അപ്രിയസത്യമാണു പ്രമാണം മുഴുവനും അനുസരി ക്കുകയും ഒന്നിൽ തെറ്റുകയും ചെയ്താൽ ഫലത്തിൽ എല്ലാം തെറ്റിയതിനു സമമാണ് എന്നത്. പൗലോസും ഈ ആശയം (ഗലാ. 3:10) ശരിവയ്ക്കുന്നു.

കൂട്ടുകാരനെ നിന്നെപ്പോലെ സ്നേഹിക്കണം (ലേവ്യ. 19:18, മത്താ. 22:27) എന്ന രാജകീയ ന്യായ പ്രമാണം നിങ്ങൾ നിവർത്തിക്കണം. അതാണു നല്ലത്. മുഖപക്ഷം കാണിക്കുന്നതു പാപമാണ്. നിങ്ങൾ ലംഘനക്കാരാകും. ഇതു പറഞ്ഞിട്ടാണ് യാക്കോബ് ഈ പ്രധാനതത്വം ചൂണ്ടിക്കാട്ടുന്നത്.

### വിശ്വാസം കർമ്മപഥത്തിൽ

രക്ഷ പ്രവൃത്തിമൂലമല്ല. രക്ഷയ്ക്കായി നമുക്കൊന്നും ചെയ്യാ നുമില്ല. അതു നാം വിശ്വാസത്താൽ സ്വീകരിക്കേണ്ട ദൈവത്തിന്റെ ദാനമാണ്. തികച്ചും സൗജന്യമായ കൃപാദാനം. പക്ഷേ, വിശ്വാസം പ്രവൃത്തികളിലേക്കു നയിക്കണം. ബൗദ്ധികതലത്തെ മാത്രം ബാധിക്കുന്ന ഒരു പ്രതിഭാസമല്ല വിശ്വാസം. അതു വെറും വൈകാരിക തലത്തിൽ ഒതുങ്ങിപ്പോകയുമരുത്. വിശ്വാസത്തിന്റെ വേലയും സ്നേഹത്തിന്റെ പ്രയത്നവും (1 തെസ്സ.1:3) പ്രത്യാശയുടെ സ്ഥിരതയ്ക്കു നിദാനമായവയാണ്.

നമ്മുടെ വിശ്വാസം ദൈവോന്മുഖമായിരിക്കുമ്പോൾ പ്രവൃത്തികൾ മനുഷ്യർക്കുവേണ്ടിയാവണം. അതെല്ലാം നന്മയുമായിരിക്കണം. അനുഭവിക്കുന്നവന്റെ നന്മ, ആശ്വാസം, ഗുണം ഒക്കെ ആവണം പ്രേരകഘടകങ്ങൾ. എല്ലാം ദൈവസ്നേഹത്തിൽ അധിഷ്ഠിതവും ആവണം. അവിടെ മുഖ പക്ഷമില്ല.

### യേശു നമുക്കു മാതൃക

യേശുനന്മ ചെയ്തു കൊണ്ടു സഞ്ചരിച്ചു (പ്രവൃ. 10:38).യേശു മനസ്സലിവുള്ള കർത്താവാണ്. അവിടുന്നു വിശന്നിരുന്നവർക്ക് ആഹാരം കൊടുത്തു, മനസു തകർന്നിരുന്നവരെ ആശ്വസിപ്പിച്ചു, രോഗികൾക്കു സൗഖ്യം നൽകി. അഗതികൾക്ക് ആദരവു നൽകി. അതൊക്ക സ്വീകരിച്ചവർ ജീവിതത്തിന്റെ നാനാതുറയിൽ പ്പെട്ടവരായിരുന്നു. മുഖപക്ഷമില്ലാതെ എല്ലാവർക്കും വേണ്ടി അവിടുന്നു നന്മ ചെയ്തു.

യാക്കോബ് നമ്മോടു പറയുന്നതും അതുതന്നെ. കർത്താവിനെ വിശ്വസിക്കുന്നവർക്കു ധനവാനോടു കൂടുതൽ പ്രതിപത്തിയും ദരിദ്രനോട് അവജ്ഞയും ഉണ്ടാവാൻ പാടില്ല. ദരിദ്രനെ പരിഹസിക്കുന്നവൻ- അവഗണിക്കുന്നവൻ- അവന്റെ സ്രഷ്ടാവിനെ നിന്ദിക്കുന്നു (സദൃ. 17:5). ദരിദ്രനോടു കൃപ കാണിക്കുന്നവൻ തന്റെ സ്രഷ്ടാവിനെ ബഹുമാനിക്കുന്നു (സദൃ.14:31). ദരിദ്രനോടു പ്രസംഗിക്കുകയല്ല അവനുവേണ്ടതു കൊടുക്കുകയാണ് അഭികാമ്യം. ആഹാരവും വസ്ത്രവും നൽകിക്കഴിഞ്ഞിട്ടു മതി പ്രഭാഷണങ്ങളും മറ്റും എന്നു സാരം.

യേശുവിന്റെ അടുക്കൽ വന്ന ആ ധനികപ്രമാണിയെപ്പോലെയാണു നാം പലപ്പോഴും. ആരെയാണു ഞാൻ സ്നേഹിക്കേണ്ടത്? ആരാണ് എന്റെ അയൽക്കാരൻ? നാം ചോദിക്കു ന്നതും ഇതുതന്നെ. നല്ല ശമര്യാ ക്കാരന്റെ കഥ വിവരിച്ചുകൊണ്ട് യേശു പറയുന്നതു നമ്മുടെ സഹായം ആവശ്യമുള്ള ആരും (ഏല്ലാവരും) നമ്മുടെ അയൽക്കാരാണ് എന്നു തന്നെ. അതുകൊണ്ടു നമുക്ക് ആ ചോദ്യം ഒന്നു മാറ്റാം. എനിക്ക് ആരുടെ അയൽക്കാരൻ ആകാൻ കഴിയും? അതാണു കൂടുതൽ ക്രിസ്തീയ ഭാവമുള്ള മനോഭാവം.

നന്മ പ്രവൃത്തികൾ ക്രിസ്തീയ സാക്ഷ്യത്തിന് ഉത്തമമായ മാദ്ധ്യ മാണ് (മത്താ. 5:16) എന്നു കർത്താവു വ്യക്തമാക്കിയിട്ടുണ്ട്. അതിന്റെ പേരിലുള്ള പരസ്യകോലഹലങ്ങളെയാണു കർത്താവു പരിഹസിക്കുന്നത്.

### പൗലോസും നന്മ പ്രവൃത്തികളും

"ഈ ലോകത്തിലെ ധനവാൻമാരോട്, ഉന്നത ഭാവങ്ങൾ കൂടാതെയിരിക്കാനും, നിശ്ചയമില്ലാത്ത ധനത്തിലല്ല, നമുക്കു സകലവും ധാരാളമായി അനു ഭവിക്കാൻ തരുന്ന ദൈവത്തിൽ പ്രത്യാശവയ്ക്കാനും നന്മ ചെയ്യാനും സൽപ്രവൃത്തികളിൽ സമ്പന്നരായി ദാനശീലരും ഔദാര്യമുള്ളവരുമായി സാക്ഷാലുള്ള ജീവനെ പിടിച്ചു കൊള്ളേണ്ടതിനു വരും കാലത്തേക്കു നല്ലൊരു അടിസ്ഥാനം നിക്ഷേപിച്ചുകൊള്ളാനും ആജ്ഞാപിക്കുക" (1 തിമൊ. 6:17-19). തിമൊഥെയൊസിനു നിർദ്ദേശം കൊടുക്കുകയാണു പൗലോസ്. അതു സഭയെ പഠിപ്പിക്കാനാണ്, ആജ്ഞാപിക്കാനാണ്. ലോകത്തിലെ സമ്പത്തു സ്ഥായിയല്ല. അതുപയോഗിച്ച് "ഇളകാത്ത രാജ്യ"ത്തിൽ നല്ലൊരു അടിസ്ഥാനം നിക്ഷേപിക്കണം. അതിനുവേണ്ടതു നന്മ ചെയ്യുകയും സൽപ്രവൃത്തികളിൽ സമ്പന്നരായി ഔദാര്യ മായി ദാനം ചെയ്യാൻ ശീലിക്കുകയുമാണ്.

അവിടുന്നു നമ്മെ സകല അധർമ്മങ്ങളിൽ നിന്നും വീണ്ടെടുത്തു സൽപ്രവൃത്തികളിൽ ശുഷ്ക്കാന്തിയുള്ള ഒരു സ്വന്ത ജനമായി തനിക്കുവേണ്ടി വേർതിരി (ശുദ്ധീകരിക്കുക എന്നാൽ വേർതി രിക്കുക എന്നർത്ഥം)ക്കേണ്ടതിന് തന്നെത്താൻ നമുക്കു വേണ്ടി ഏൽപ്പിച്ചു കൊടുത്തു (തീത്തോ. 2:14). അതുകൊണ്ടു നാം സകല സൽപ്രവൃത്തികൾക്കും ഒരുങ്ങിയിരിക്കണം (3:1), സൽപ്രവൃത്തികളിൽ ഉത്സാഹികളായിരിക്കണം (3:8), സൽപ്രവൃത്തികളിൽ മുമ്പരായിരിക്കണം (3:14). ഇതൊക്കെ പാസ്റ്ററായ തീത്തോസ് സഭാജനങ്ങളെ പഠിപ്പിക്കണം. പൗലോസ് നിർദ്ദേശിക്കുന്നു.

നന്മ ചെയ്യുന്നതു വിതയ്ക്കുന്നതിനു സമം എന്നാണു പൗലോസിന്റെ പക്ഷം. പങ്കിടുന്നതിന്റെ അനുഗ്രഹം വിവരിച്ചുകൊണ്ട് അദ്ദേഹം പറയുന്നു. ഉള്ളതെല്ലാം ജഡത്തിൽ വിതയ്ക്കുന്നയാൾ ജഡത്തിൽ നിന്നു നാശം കൊയ്യും. ആത്മാവിൽ വിതയ്ക്കുന്നയാൾ ആത്മാവിൽ നിന്നു നിത്യജീവൻ കൊയ്യും. ദൈവം പരിഹസിക്കപ്പെടുന്നില്ല. വിതയും കൊയ്ത്തും തമ്മിലുള്ള ബന്ധത്തിനു മാറ്റമില്ല. വിതയ്ക്കുന്നതേ കൊയ്യാനാവൂ (ഗലാ. 6:1-8). പലമടങ്ങു കിട്ടുമെന്നത് ഉറപ്പ്.

എളിയവനോടു കൃപ കാട്ടു ന്നവൻ ദൈവത്തിനു വായ്പ കൊടുക്കുന്നു. അവൻ ചെയ്ത നന്മയ്ക്ക് അവിടുന്നു

(ശേഷം അടുത്ത പേജിൽ)

> നന്മ പ്രവൃത്തികൾ ക്രിസ്തീയ സാക്ഷ്യത്തിന് ഉത്തമമായ മാദ്ധ്യമാണ് (മത്താ. 5:16) എന്നു കർത്താവു വ്യക്തമാക്കിയിട്ടുണ്ട്. അതിന്റെ പേരിലുള്ള പരസ്യകോലഹലങ്ങളെയാണു കർത്താവു പരിഹസിക്കുന്നത്.
>
> എളിയവനോടു കൃപ കാട്ടുന്നവൻ ദൈവത്തിനു വായ്പ കൊടുക്കുന്നു. അവൻ ചെയ്ത നന്മയ്ക്ക് അവിടുന്നു പകരം കൊടുക്കുന്നു (സദൃ.19:17). അതു കൊണ്ട് എല്ലാവർക്കും, വിശേഷാൽ സഹവിശ്വാസികൾക്കും നന്മ ചെയ്യുക (ഗലാ.6:9-10).

31

# ഭാരതം കാത്തിരിക്കുന്നു

*സരള ഓസ്റ്റിൻ*

**സ്വി**റ്റ്സർലന്റിലെ ലീമൻ തടാകക്കരയിലെ ഒരു കുബേര കുടുംബത്തിലാണ് ജീൻ ജൂലിയം ഡീലാ ഫ്ളെച്ചർ 1729-ൽ ജനിച്ചത്. ചെറുപ്പം മുതലേ ദൈവഭയവും ശുദ്ധമനസ്സാക്ഷിയും അദ്ദേഹത്തിന്റെ കൈമുതലായിരുന്നു. ഏഴു വയസ്സു മാത്രം പ്രായമുണ്ടായിരുന്നപ്പോൾ താൻ അറിയാതെ ചെയ്ത ഏതോ തെറ്റിനെതിരെ ഒരു വ്യക്തി "നീ ഒരു നീച കുട്ടിയാണ്, ഇങ്ങനെയുള്ള കുട്ടികളെ പിശാച് ആക്രമിക്കും എന്നറിയില്ലേ" എന്നു ചോദിച്ചത് ആ ഇളം മനസ്സിനെ നോവിച്ചു, അന്നു മുതൽ തന്റെ കുറ്റം ദൈവം ക്ഷമിച്ചു എന്നു പൂർണ്ണമായി ബോദ്ധ്യമാകുംവരെ അവൻ തുടർച്ചയായി പ്രാർത്ഥിച്ചു. ഈ സംഭവം അവന്റെ ജീവിത രൂപാന്തരത്തിന് ഒരു അടിസ്ഥാനമായി. തന്റെ യൗവനം വളരെ അപകടങ്ങളെ തരണം ചെയ്യേണ്ടതായിരുന്നു എന്നാൽ പ്രത്യേക ദൈവീക പദ്ധതികൾക്കായി തെരഞ്ഞെടുക്കപ്പെട്ടവർക്ക് അനർത്ഥങ്ങളുടെ നടുവിൽ ദൈവീക സംരക്ഷണമുണ്ട് എന്നതിന് തന്റെ ജീവിതം ഒരു മാതൃകയായി.

ജനീവ യൂണിവേഴ്സിറ്റിയിൽ പഠനം പൂർത്തിയാക്കിയ ഫ്ളെച്ചർ ജർമ്മൻ, ഹീബ്രു ഭാഷകൾ വശമാക്കുകയും ചെയ്തു. ബാല്യത്തിൽ താനറിഞ്ഞ ദൈവസ്നേഹത്തെക്കുറിച്ച് പ്രസംഗിക്കുകയും ജീവിക്കുകയും ചെയ്യണമെന്ന ചിന്ത തന്നിൽ ഉടലെടുത്തിരുന്നെങ്കിലും ലോകത്തിന്റെ അനീതിയെക്കുറിച്ചുള്ള ചിന്ത തന്നെ നിരാശനാക്കി. എന്നാൽ ദൈവകൃപയുടെ ശക്തി ശുശ്രൂഷയ്ക്കുള്ള പുതു ജീവൻ ഫ്ളെച്ചറിനു നൽകി.



## ജോൺ ഫ്ളെച്ചർ

1752-ൽ ഇംഗ്ലീഷ് പഠനത്തിനായി ഇംഗ്ലണ്ടിൽ പോയ ഫ്ളെച്ചർ അവിടെ തോമസ് ഹിൽ എന്ന വ്യക്തിയുടെ മക്കളുടെ വിദ്യാഭ്യാസത്തെ സഹായിച്ചു. അതോടു കൂടെത്തന്നെ കൂടുതൽ ദൈവഹിതത്തിനായി അടുക്കുകയും ചെയ്തു. അന്ത്യന്യായ വിധിയിൽ പിന്മാറ്റക്കാരനായി കുറ്റം വിധിക്കപ്പെടുന്ന അവസ്ഥയെക്കുറിച്ച് കണ്ട സ്വപ്നം അദ്ദേഹത്തിന്റെ മനസിനെ അസ്വസ്ഥനാക്കി. രക്ഷയെക്കുറിച്ച് യാദൃശ്ചികമായി കേൾക്കാനിടയായ ദൈവ വചനങ്ങൾ അദ്ദേഹത്തിന് സന്തോഷമേകി. ക്രിസ്തുവിലൂടെയുള്ള രക്ഷയുടെ ശരിയായ സന്തോഷത്തിലേക്ക് ഇനിയും അടുക്കേണ്ടിയിരിക്കുന്നു എന്ന യാഥാർത്ഥ്യം അദ്ദേഹം മനസ്സിലാക്കി. ഒരു മാനസാന്തരത്തിന്റെ അനുഭവം അദ്ദേഹത്തിലുണ്ടായി. കഴിഞ്ഞകാല പാപങ്ങൾ ഏറ്റുപറഞ്ഞ് അദ്ദേഹം ഉപേക്ഷിച്ചു. വേദപുസ്തകത്തിലെ വചനങ്ങൾ അദ്ദേഹത്തിന് ശക്തിയേകി. പാപത്തെയും പ്രതി സന്ധികളേയും അതിജീവിക്കു വാനുള്ള ശക്തി അദ്ദേഹത്തിനു ലഭിച്ചു.

1757-ൽ ചർച്ച് ഓഫ് ഇംഗ്ലണ്ടിന്റെ വൈദീകനായ അദ്ദേഹം ജോൺ വെസ്ലിയുടെ സഹായകനായി. പിന്നീടുള്ള കാലഘട്ടത്തിൽ മെഥഡിസ്റ്റ് സമൂഹത്തിലെ ഒരു ശക്തനായ പ്രസംഗകനായിത്തീരുകയും 1760-ൽ മെഡിലിയിലുള്ള സഭയിലെ വികാരിയാവുകയും ചെയ്തു. മെഡിലിയിലെ ആദ്യത്തെ പത്തു വർഷങ്ങൾ അദ്ദേഹം പ്രസംഗത്തിനും ജനങ്ങളെ സന്ദർശിക്കുന്നതിനും മാത്രമല്ല, ദൈവശാസ്ത്രത്തിലും മതങ്ങളെക്കുറിച്ചുള്ള പഠനത്തിലും സമയം ചെലവഴിച്ചു.

40 വയസു പ്രായമായപ്പോൾ ഫ്ളെച്ചർ തന്റെ മാതൃരാജ്യമായ സ്വിറ്റ്സർ ലന്റിലേയ്ക്ക് മടങ്ങി വരികയും തന്റെ സ്വന്തം ജനതയുടെ ഇടയിൽ ഉജ്ജ്വലമായ പ്രസംഗങ്ങൾ നടത്തുകയും ചെയ്തു. 1776-ൽ ബ്രിട്ടനിൽ അദ്ദേഹം സുവിശേഷീകരണ യാത്രകൾ നടത്തി. 1784-ൽ മെഥഡിസ്റ്റ് ശുശ്രൂഷകൾക്കായി നടത്തപ്പെട്ട കോൺഫറൻസിൽ അതുല്യമായ ഒരു ശുശ്രൂഷയ്ക്കായി ഫ്ളെച്ചറിനെ ദൈവം ഉപയോഗിച്ചപ്പോൾ കൂടിയി രുന്നവരെല്ലാം കണ്ണുനീരിൽ മുങ്ങിയ സമർപ്പണത്തിലേക്കു നീങ്ങി. എന്നാലത് അദ്ദേഹത്തിന്റെ ഭൂമിയിലെ അവസാനത്തെ ശ്രേഷ്ഠ ശുശ്രൂഷയായിരിക്കുമെന്ന് ദൈവം മാത്രമേ അറിഞ്ഞിരുന്നുള്ളൂ. ഇരുപത്തിനാലു മണിക്കൂർ നീണ്ട അബോധാവസ്ഥയ്ക്കു ശേഷം 1785-ൽ ആ വിശുദ്ധന്റെ ശ്വാസകോശങ്ങൾ നിശ്ചലമായി ആ കർമ്മയോഗി വിശ്രമസ്ഥലത്തേയ്ക്കു പറന്നുയർന്നു.

ധാരാളം പരീക്ഷകളെ അതിജീവിച്ച് പരിശുദ്ധ ജീവിതം നയിച്ച ജനങ്ങളെ വിവാദപരമായ ഉപദേശങ്ങളുടെ കെണിയിൽ നിന്നും രക്ഷിക്കുവാൻ തിരക്കോടെ പ്രവർത്തിച്ച ജോൺ ഫ്ളെച്ചറിനെപ്പോലുള്ള ധീരയോദ്ധാക്കൾക്കായി ഭാരതം കാത്തിരിക്കുന്നു.

---

**8-ാം പേജിന്റെ തുടർച്ച...**

പകരം കൊടുക്കുന്നു (സദൃ.19:17). അതു കൊണ്ട് എല്ലാവർക്കും, വിശേഷാൽ സഹവിശ്വാസികൾക്കും നന്മ ചെയ്യുക (ഗലാ.6:9-10). വിതയ്ക്കാൻ ഇപ്പോഴാണു അവസരമുള്ളത്. കൊയ്ത്ത് പിന്നീട്.

### വിശ്വാസവും പ്രവൃത്തിയും

ദൈവത്തിനു പ്രസാദമുള്ള യാഗ (ആരാധന)ത്തെക്കുറിച്ച് എബ്രായ ലേഖനം പറയുന്നതു നോക്കൂ. നന്മ ചെയ്യാനും പങ്കിടാനും (കൂട്ടായ്മ എന്നത് പങ്കിടൽ എന്നു തന്നെയാണർത്ഥം) മറക്കരുത്; ഈ വക യാഗത്തിലാണു ദൈവം പ്രസാദിക്കുന്നത് (13:15). നാം വചനം കേൾക്കുന്നവർ (പറയുന്നവരും) മാത്രമായിരിക്കാതെ അതുചെയ്യുന്നവരായിരിക്കണം (യാക്കൊ.2:22).

നന്മ ചെയ്യുക എന്നു പരിഭാഷപ്പെടുത്തിയിരിക്കുന്ന Agathopoieo എന്ന മൂലപദത്തിന്റെ അർത്ഥം to do good as opposed to Hamartano (to miss the mark, to sin)എന്നാണ്. നന്മ ചെയ്യുക എന്നതിന്റെ എതിർപദം പാപം ചെയ്യുക എന്നാണെന്ന് യാക്കോബു പറയുന്നതും മറ്റൊന്നല്ല. നന്മ ചെയ്യാൻ അറിഞ്ഞിട്ടും ചെയ്യാത്തതു പാപം Hamarteah ആണ് (4:17).

മറ്റേതൊരു കല്പനയും പോലെ പ്രധാനമാണു തമ്മിൽ ഭാരങ്ങളെ ചുമക്കുവിൻ (ഗലാ. 6:2) എന്നത്. ഈ ലോകത്തിൽ വസ്തു വകയുള്ളവർ ആരെങ്കിലും തന്റെ സഹോദരനു മുട്ടുള്ളതു കണ്ടിട്ട് അയാളോടു മനസലിവുകാണിക്കാഞ്ഞാൽ ദൈവത്തിന്റെ സ്നേഹം അയാളിൽ എങ്ങനെ വസിക്കും (1 യോഹ. 3:17)? നമ്മുടെ മനസാക്ഷിയോടു സ്നേഹത്തിന്റെ അപ്പോസ്തോലൻ ചോദിക്കുന്നു. വിനയപൂർവ്വം നമുക്ക് ഒരു ആത്മപരിശോധന നടത്താമോ? ദൈവത്തിന്റെ സ്നേഹം എന്നിൽ വസിക്കുന്നുവോ!

### ഇത്രയും കൂടെ

സ്വർഗ്ഗത്തിൽ നിന്ന് ഒരു ശബ്ദം:
"ഇന്നുമുതൽ കർത്താവിൽ മരിക്കുന്ന
മൃതൻമാർ ഭാഗ്യവാൻമാർ:
അവർ തങ്ങളുടെ പ്രവൃത്തികളിൽ
നിന്നു വിശ്രമിക്കേണ്ടതാകുന്നു.
അവരുടെ പ്രവൃത്തി അവരെ
പിന്തുടരുന്നു" (വെളി.14:3).
ഉവ്വ്, പിന്തുടരുന്നതു പ്രവൃത്തി മാത്രം.

## സഹോ. ഡി. ജെ. അജിത്കുമാർ നേപ്പാളിൽ

**നേ**പ്പാളിലെ ജനതയ്ക്ക് ക്രിസ്തുവിലൂടെയുള്ള ജീവന്റെ വെളിച്ചം പകർന്നു നൽകുവാനായി ഒരു കൂട്ടം സ്നേഹത്തിന്റെ യോദ്ധാക്കളെ വാർത്തെടുക്കുക എന്ന ഉദ്ദേശത്തോടെ ഗ്രെയ്സ് മിനിസ്ട്രീസ് ഓഫ് ഇന്ത്യയുടെ തീയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മിഷൻ & ഇവാഞ്ചലിസം സ്റ്റഡീസ് (TIMES) ന്റെ നേപ്പാളിലെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുവാനായി ഡിസംബർ 22, 23 തീയതികളിൽ സഹോ. ഡി.ജെ അജിത്കുമാർ നേപ്പാൾ സന്ദർശിക്കുന്നു. നമ്മുടെ അയൽ രാജ്യത്തിന് വലിയ ഉണർവ്വ് പകരുവാൻ ഈ സന്ദർശനം മുഖാന്തരമാകുവാനായി നമുക്ക് പ്രാർത്ഥിക്കാം.

## ലൗ ഇന്ത്യ 2010

| | |
|---|---|
| 2010 ഡിസംബർ 13,14,15 | മുർഷിദബാദ്, പഞ്ചിമ ബംഗാൾ |
| 2010 ഡിസംബർ 17,18,19 | പാകൂർ, ജാർഘണ്ട് |

ഭാരതത്തിൽ ഉടനീളം ജി.എം.ഐയിലൂടെ ദൈവം ചെയ്തുവരുന്ന വലിയ പ്രവർത്തിയുടെ പ്രതിഫലനം ഈ സംസ്ഥാനങ്ങളിലും ഉളവാകുവാനായി പ്രത്യേകം പ്രാർത്ഥിച്ചാലും.

ഭാഗം 59

# ക്രൈസ്തവസഭയുടെ ചരിത്രം

*എൻ. ജസ്റ്റിൻരാജ്*

## നെപ്പോളിയൻ ചക്രവർത്തിയാകുന്നു (1804 എ.ഡി)

ഫ്രാൻസിലെ കത്തോലിക്കാ സഭയുടെ പ്രവർത്തനങ്ങളെ കടിഞ്ഞാണിടുക എന്ന ഉദ്ദേശ്യത്തോടെ 1802-ലെ കൊൺകോർ ദാത്ത് ഉടമ്പടിക്ക് വിപരീതമായി ചില നിയമ നടപടികൾ നെപ്പോളിയൻ സ്വീകരിച്ചു. മാർപാപ്പയുടെ അധികാരം കുറയ്ക്കുക അതിന്റെ ലക്ഷ്യങ്ങളിൽ പ്രധാനപ്പെട്ട തായിരുന്നു 1804 -ൽ 'ഫ്രഞ്ചു സാമ്രാജ്യം' രൂപീകരിക്കുകയും അതിന്റെ ചക്രവർത്തിയായി നെപ്പോളിയനെ ഫ്രഞ്ച് സെനറ്റ് തെരഞ്ഞെടുക്കുകയും ചെയ്തു.

നെപ്പോളിയന്റെ തലയിൽ ചക്രവർത്തിയുടെ കിരീടം ചൂടിക്കുക എന്നത് ഒരു പദവിയായി കണക്കാക്കുകയും അതുവഴി നെപ്പോളിയനുമായി നല്ല ബന്ധം സ്ഥാപിക്കുവാനും ആഗ്രഹിച്ച പീയൂസ് ഏഴാമൻ മാർപാപ്പ പാരീസിലെത്തി. നെപ്പോളിയനും ഭാര്യ ജോസഫൈനും വിവാഹിതരായത് കത്തോലിക്കാ സഭയുടെ നിയമപ്രകാരം അല്ലാത്തതിനാൽ അദ്ദേഹത്തിന്റെ കിരീടധാരണത്തിൽ പങ്കാളിയാകരുതെന്ന കർദ്ദിനാലുമാരുടെ ആലോചനയെ അവഗണിച്ചുകൊണ്ടായിരുന്നു മാർപാപ്പ എത്തിയത്. ഇതൊരു അഭിമാന പ്രശ്നമായി കണക്കാക്കിയ മാർപാപ്പ, കിരീടധാരണ ചടങ്ങിന് മുമ്പ് നെപ്പോളിയന്റേയും ജോസഫൈന്റേയും 'വിവാഹം' രഹസ്യമായി ആശീർവദിച്ചു.

നോട്ടർഡാം ദേവാലയത്തിൽ നെപ്പോളിയന്റെ കിരീടധാരണത്തിനായുള്ള ചടങ്ങുകൾ വളരെ ആഡംബരമായിത്തന്നെ 1804 ഡിസംബർ 2-ാം തീയ്യതി ക്രമീകരിക്കപ്പെട്ടു. സാമ്രാജ്യത്തിലെ പ്രഭുസമൂഹവും പുരോഹിതന്മാരും വിശിഷ്ടവ്യക്തികളും ഫ്രാൻസിലെ പ്രഥമ ചക്രവർത്തിയുടെ കിരീടധാരണത്തിന് സാക്ഷികളാകുവാൻ എത്തിച്ചേർന്നു. പീയൂസ് ഏഴാമൻ മുഖ്യകാർമ്മികനായി തന്റെ സിംഹാസനത്തിൽ ഉപവിഷ്ടനായി. അദ്ദേഹത്തിന്റെ കൈകളിൽ ചക്രവർത്തിക്കും ചക്രവർത്തിനിക്കുമായുള്ള കിരീടങ്ങൾ ഉണ്ട്. തന്റെ മുമ്പിൽ മുട്ടുകുത്തി ഭക്തിയോടെ നില്ക്കുന്ന നെപ്പോളിയന്റെ തലയിൽ കിരീടം അണിയിക്കുവാൻ തനിക്കു ലഭിച്ചിരിക്കുന്ന അസുലഭ അവസരത്തിനായി മാർപാപ്പ ഒരുങ്ങി കാത്തിരിക്കുന്നു! ജനത്തിന്റെ ധാരണയും അതുതന്നെ യായിരുന്നു. പക്ഷേ സംഭവിച്ചത് മറ്റൊന്നായിരുന്നു. ആരുടെയും മുമ്പിൽ മുട്ടുകുത്തുന്ന സ്വഭാവം ഇല്ലാത്ത തന്നെക്കാൾ അധികാരം ഉള്ള മറ്റൊരാൾ ഉണ്ടെന്ന് അംഗീകരിക്കാൻ തയ്യാറല്ലാത്ത നെപ്പോളിയൻ എല്ലാവരെയും അതിശയിപ്പിച്ചുകൊണ്ട് മാർപാപ്പയുടെ കയ്യിലിരുന്ന കിരീടം പിടിച്ചു വാങ്ങി സ്വയം ശിരസ്സിൽ അണിയുകയും, മറ്റേത് ജോസഫൈന്റെ ശിരസ്സിലും അണിയിച്ചു!! "നെപ്പോളിയൻ പ്രഥമ ചക്രവർത്തി" എന്ന് സ്വയം പ്രഖ്യാപിക്കുകയും ചെയ്തു. സംസ്കാര ശൂന്യമായ തന്റെ ഈ പ്രവർത്തികണ്ട് ചടങ്ങിനായി കൂടി വന്നവർപോലും ലജ്ജിച്ചുതലതാഴ്ത്തി. നെപ്പോളിയനാൽ അപമാനിതനായ മാർപാപ്പ വളരെ നിരാശയോടും ഞെട്ടലോടും റോമിലേക്കുപോയി. നെപ്പോളിയന്റെ കിരീട ധാരണത്തോടെ 'ഫ്രഞ്ച് റിപ്പബ്ലിക്ക്' അവസാനിക്കുകയും അതിന്റെ സ്ഥാനത്ത് 'ഫ്രഞ്ച് സാമ്രാജ്യം' നിലവിൽ വരികയും ചെയ്തു.

## വാട്ടർലൂ യുദ്ധവും നെപ്പോളിയനും (എ.ഡി 1815)

ചക്രവർത്തിയായതോടെ അഹങ്കാരത്തിന്റേയും അധാർമ്മികതയുടേയും പര്യായമായി നെപ്പോളിയൻ മാറി. തന്റെ മുമ്പിൽ തടസ്സമായ ആരേയും എന്തിനേയും വെട്ടിമാറ്റാൻ അദ്ദേഹം തയ്യാറായി. യുദ്ധക്കൊതിയനായി അദ്ദേഹം മാറി. സ്വന്തം ഭാര്യയായ ജോസഫൈനെ ഉപേക്ഷിച്ച അദ്ദേഹത്തിന് സൗന്ദര്യമുള്ള സ്ത്രീകൾ ഒരു ബലഹീനതയായി മാറി.

യൂറോപ്യൻ തുറമുഖങ്ങളിൽ ഇംഗ്ലീഷുകാർക്ക് പ്രവേശിക്കുവാൻ അനുവാദമില്ലെന്ന് അദ്ദേഹം ആജ്ഞാപിച്ചു. അതിനോട് വിയോജിച്ച പീയൂസ് ഏഴാമൻ മാർപാപ്പയെ മുട്ടുക്കുത്തിക്കുമെന്ന് നെപ്പോളിയൻ പ്രതിജ്ഞ എടുത്തു. പേപ്പൽ സാമ്രാജ്യങ്ങൾ വെട്ടിപ്പിടിച്ച് ഫ്രഞ്ച് സാമ്രാജ്യം വലുതാക്കുവാൻ കല്പന ഇറക്കി. പീയൂസ് ഏഴാമൻ മാർപാപ്പയെ ബന്ദിയാക്കി റോമിനു പുറത്തേക്കുകൊണ്ടുപോയി അജ്ഞാത താവളത്തിലാക്കി. വൃദ്ധനും രോഗിയുമായിരുന്ന മാർ പാപ്പ മാനസികമായും ശാരീരികമായും തളർന്നു. പോപ്പിന്റെ ആധിപത്യത്തിലായിരുന്ന സ്ഥല ങ്ങൾ പലതും ഫ്രഞ്ചു സൈന്യം കീഴടക്കി.

മാർപാപ്പയോടൊപ്പം നിന്ന ബിഷപ്പുമാരേയും വൈദീകരേയും നെപ്പോളിയൻ വിലയ്ക്കുവാങ്ങി. തന്നെ പിന്തുണച്ചാൽ സഭക്ക് നേട്ടങ്ങൾ ഉണ്ടാകുമെന്ന് നെപ്പോളിയൻ മാർപാപ്പയെ ധരിപ്പിച്ചു. പേപ്പൽ സംസ്ഥാനങ്ങളെല്ലാം ഫ്രഞ്ചു സാമ്രാജ്യത്തിനു വിട്ടു കൊടുക്കുന്നു എന്നുള്ള രേഖ ചമച്ച് അതിൽ മാർപാപ്പയെക്കൊണ്ട് ഒപ്പിടുവിച്ചു. എല്ലാ നിലയിലും മാർപാപ്പ വഞ്ചിക്കപ്പെട്ടു. നെപ്പോളിയൻ വിജയഭേരിമുഴക്കി മുന്നേറി.

16-ാം വയസ്സിൽ ഫ്രഞ്ച് പീരങ്കിപ്പടയിൽ പ്രവേശിച്ച നെപ്പോളിയൻ ഇന്ന് സാമ്രാജ്യത്തിന്റെ ചക്രവർത്തിയായിരിക്കുന്നു 'പരാജയം' എന്ന പദം നെപ്പോളിയന്റെ നിഘണ്ടുവിലില്ലെന്ന് പറയാറുണ്ട്. വിജയത്തിന്റെ ഉത്തുംഗശൃംഗത്തിൽ എത്തിചേർന്ന നെപ്പോളിയനും പരാജയത്തിന്റെ കയ്പ് നുകരുവാൻ തുടങ്ങി. റഷ്യൻ ആക്രമണത്തിൽ നെപ്പോളിയൻ പരാജയപ്പെട്ടു. ഐക്യകക്ഷിയുടെ മുമ്പിൽ അദ്ദേഹം കീഴടങ്ങുകയും രാജ്യം വിട്ടുപോകേണ്ടിവരികയും ചെയ്തു. 1814 ഏപ്രിൽ 20-ന് ഒരു ഫ്രഞ്ചു പതാകയിൽ ചുംബിച്ച് അദ്ദേഹം കൊട്ടാരത്തോടു വിട പറഞ്ഞ് എൽബ എന്ന ദ്വീപിലേക്ക് അദ്ദേഹം നാടുകടത്തപ്പെട്ടു. ജോസഫൈൻ മരിച്ചു എന്ന വാർത്ത അവിടെവച്ച് അദ്ദേഹം അറിഞ്ഞു. എല്ലാവരാലും കൈവിടപ്പെട്ട അവസ്ഥയിൽ ആയിത്തീർന്നു.

ഫ്രാൻസിൽ ഒരു ആഭ്യന്തര പ്രശ്നം ഉണ്ടായപ്പോൾ അതിനെ മുതലെടുത്ത് നെപ്പോളിയനും കൂട്ടരും തിരിച്ചെത്തി തന്ത്രപൂർവ്വം അധി കാരം കയ്യടക്കിയെങ്കിലും അധിക കാലം നീണ്ടുനിന്നില്ല. 1815 ജൂൺ 18-ാം തീയതി നടന്ന വാട്ടർലൂ യുദ്ധത്തിൽ ഇംഗ്ലീഷ് സേനയോട് നെപ്പോളിയൻ അതിദയനീയമായി പരാജയ പ്പെടുകയും അനന്തരം സെന്റ് ഹെലേന ദ്വീപിലേക്ക് നാടു കടത്തപ്പെട്ടു. ഫ്രാൻസിനോട് എന്നെന്നേക്കുമായി വിട പറഞ്ഞു. പരാജയത്തിന്റെ ആൾരൂപമായി മാറിയ നെപ്പോളിയൻ ഹെലേ നയിലെ ഇരുളടഞ്ഞ മുറിയിൽ ചില വർഷങ്ങൾ തള്ളിനീക്കി.

''ഞാൻ മനുഷ്യരെ അറിയുന്നു. ക്രിസ്തു ഒരു മനുഷ്യനല്ല എന്ന് ' ഞാൻ നിന്നോടു പറയുന്നു. അലക്സാണ്ടറും കൈസറും ഷാർലിമെയിനും ഞാനും വലിയ സാമ്രാജ്യങ്ങൾ സ്ഥാപിച്ചു.എങ്ങനെ? ആയു ധത്തിന്റെ ശക്തികൊണ്ട്. ക്രിസ്തു മാത്രമേ ആയുധം ഉപയോഗിക്കാതെ സ്നേഹത്തിന്റെ അടിത്തറയിൽ ഒരു സാമ്രാജ്യം സ്ഥാപിച്ചുള്ളൂ. ഈ സമയത്തും ക്രിസ്തുവിനുവേണ്ടി ജനലക്ഷങ്ങൾ മരിക്കുവാൻ തയ്യാറാണ്....' എന്ന് ഒരിക്കൽ നെപ്പോളിയൻ തന്റെ സൈന്യാ ധിപനായ ബേർട്രണ്ടിനോടു പറയുകയുണ്ടായി. ആയുധത്തിന്റേയും അധികാരത്തിന്റേയും ശക്തി ഇത്രമാത്രമേയുള്ളൂ എന്ന് സെന്റ് ഹെലേന ദ്വീപിന്റെ ഏകാന്തതയിൽ നെപ്പോളിയൻ തിരിച്ചറിഞ്ഞു. "അല്ലയോ ഗലീലിയോ, നീ ജയിച്ചിരിക്കുന്നു, നെപ്പോളിയൻ തോറ്റിരിക്കുന്നു". ഗലീലേയനായ ക്രിസ്തുവിന്റെ സ്നേഹ സാമ്രാജ്യത്തിനുമാത്രമേ നിലനില്പുള്ളൂ എന്ന് നെപ്പോളിയൻ മനസ്സിലാക്കി. "ഫ്രാൻസ്, സൈന്യം ജോസഫൈൻ" എന്നീ വാക്കുകൾ പറഞ്ഞു കൊണ്ട് 1821 മെയ് 5-ന് നെപ്പോളിയന്റെ മരണശേഷം പേപ്പൽ സാമ്രാജ്യങ്ങൾ മാർ പാപ്പയ്ക്കു തിരിച്ചുകിട്ടി. നെപ്പോളിയന്റെ മാതാവിനും കുടുംബാംഗങ്ങൾക്കും മാർപാപ്പ അഭയം നല്കി. അദ്ദേഹത്തിന് ആരോടും പകയില്ലായിരുന്നു. എങ്കിലും നെപ്പോളിന്റെ പീഡനങ്ങൾ അദ്ദേഹത്തെ നൊമ്പരപ്പെടുത്തി. തന്റെ 84-ാം വയസ്സിൽ 1823 ഓഗസ്റ്റ് 23-ന് പീയൂസ് ഏഴാമൻ മാർപാപ്പ അന്തരിച്ചു.

(തുടരും)

"ഞാൻ മനുഷ്യരെ അറിയുന്നു. ക്രിസ്തു ഒരു മനുഷ്യനല്ല എന്ന് ' ഞാൻ നിന്നോടു പറയുന്നു. അലക്സാണ്ടറും കൈസറും ഷാർലിമെയിനും ഞാനും വലിയ സാമ്രാജ്യങ്ങൾ സ്ഥാപിച്ചു. എങ്ങനെ? ആയുധത്തിന്റെ ശക്തികൊണ്ട്. ക്രിസ്തു മാത്രമേ ആയുധം ഉപയോഗിക്കാതെ സ്നേഹത്തിന്റെ അടിത്തറയിൽ ഒരു സാമ്രാജ്യം സ്ഥാപിച്ചുള്ളൂ. ഈ സമയത്തും ക്രിസ്തുവിനുവേണ്ടി ജനലക്ഷങ്ങൾ മരിക്കുവാൻ തയ്യാറാണ്....' എന്ന് ഒരിക്കൽ നെപ്പോളിയൻ തന്റെ സൈന്യാധിപനായ ബേർട്രണ്ടിനോടു പറയുകയുണ്ടായി.


**ബൈക്കുകൾ ആവശ്യമുണ്ട്**



ഭാരതത്തിലെ ഗ്രാമാന്തരങ്ങളിലെ മിഷണറി പ്രവർത്തനത്തിനായി ബൈക്കുകൾ ആവശ്യമായിരിക്കുന്നു. ബുദ്ധിമുട്ടുള്ള പാതകളിലൂടെ വളരെ കിലോമീറ്ററുകൾ താണ്ടിയുള്ള മിഷണറിമാരുടെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തേണ്ടതിനായി നല്ല കണ്ടിഷനിലുള്ള ബൈക്കുകൾ നൽകുവാൻ ഇഷ്ടപ്പെടുന്നവർ ദയവായി ബന്ധപ്പെട്ടാലും.

**ഗ്രെയ്സ് മിനിസ്ട്രീസ് ഒഫ് ഇന്ത്യ**

**ഫോൺ: 2311439 / 9446303731**



# ചങ്ങാതിക്കൂട്ടം

ഉണ്ണി അമ്മയമ്പലം

## നിസ്സാരമായവ അവഗണിക്കുക യേശുവിൽ ഉയരുക

ക്രിസ്തുയേശുവിലാകണം നമ്മുടെ അഭിമാനം. ക്രിസ്തുയേശുവിലാകണം നമ്മുടെ വളർച്ച. അതിന് നാമെന്തു ചെയ്യണം. നമ്മുടെ ജീവത പുരോഗതിക്ക് അഥവാ ദൈവിക നന്മകൾക്ക് തടസ്സം നില്ക്കാൻ സാധ്യതയുള്ള നിസ്സാര കാര്യങ്ങൾ വേണ്ടാ എന്നു പറയണം.

വേണ്ടാ അല്ലെങ്കിൽ നോ എന്നു പറയേണ്ടവർ ആരൊക്കെയാണ് എന്ന സംശയത്തിന് ആദ്യം മറുപടി നല്കാം. ക്രിസ്തുവിനെ വേണമെന്ന് ആഗ്രഹിക്കുന്നവർ ചില നിസ്സാര കാര്യങ്ങൾ അവഗണിക്കണം. നന്നായി പഠിച്ച്, പരീക്ഷയെഴുതി ജ്ഞാനത്തിലും ബുദ്ധിയിലും ഉയർന്ന് മാതാപിതാക്കൾക്കൊപ്പം യേശുവിലേക്ക് വളരാൻ ആഗ്രഹിക്കുന്നവർ.

വിദ്യാർത്ഥികളാണെങ്കിൽ; പഠനം വല്ലാത്ത ബുദ്ധിമുട്ടാകുന്നുവെങ്കിൽ അവർ പരീക്ഷയെന്നു കേൾക്കുമ്പോൾ പേടി തോന്നുന്നവരാണെങ്കിൽ അവർ പ്രതീക്ഷിച്ചതുപോലെ പരീക്ഷയിൽ ഉയർന്നമാർക്കു ലഭിക്കുമോ, അഡ്മിഷൻ ശരിയാകുമോ എന്നൊക്കെ ആലോചിച്ച് മാനസികമായി തളരുന്നവർ ദൈവത്തിന്റെ ശക്തിലഭിക്കുന്നതിന് ഓരോ പ്രവൃത്തിയും ചെയ്യുന്നതിനുമുമ്പ് കണ്ണടച്ച് ‘യേശുവേ....എന്റെ കർത്താവേ.... എന്റെ ദൈവമേ..... നീ തന്നെ ശക്തിയും സർവവും.....’ എന്ന് പത്തുതവണ ശക്തിയായി ഹൃദയത്തിൽ സംസാരിക്കൂ. എന്നിട്ട് ഇനി പറയുന്നവയോടെല്ലാം ‘നോ’ പറയുക. ഇനിപറയുന്നകാര്യങ്ങൾക്ക് നിങ്ങളുടെ ജീവിതവുമായി ബന്ധമില്ലെങ്കിൽ മാത്രം. അതായത് നിങ്ങൾ വെറുതെയാണ് ഈ കാര്യങ്ങളൊക്കെ ചെയ്യുന്നതെങ്കിൽ ആ വെറുതേകൾ നമുക്കാവശ്യമില്ല. ദൈവം നടാത്ത ആ കളകൾ നമുക്കു പറിച്ചു കളയാം.

എന്തൊക്കെയാണവ.....

*വെറുതെ ഒരു സിനിമ കാണൽ,*
*വെറുതെ ഒരു അടിപൊളിപാട്ടുകേൾക്കാൻ,*
*വെറുതെ അതുമിതും സംസാരിച്ചിരിക്കൽ,*
*വെറുതെ ആലോചിച്ചിരിക്കുക*
*വെറുതെ ഒരുപാടുറങ്ങുക, വെറുതെ ഒരുപാടു ഭക്ഷിക്കുക*
*വെറുതെ കറങ്ങിനടക്കുക, വെറുതെ കൂട്ടുകൂടുക.*

ഇങ്ങനെയുള്ള ഒട്ടനവധി ‘വെറുതെകൾ’ കണ്ടെത്തി അവയെ ഉപേക്ഷിക്കൂ. നിശ്ചയം; ദൈവാനുഗ്രഹത്തിന്റെ സ്പർശനം നിങ്ങൾ അനുഭവിച്ചറിയും. ദൈവം നോക്കുന്നത് എങ്ങനെയാണ്. എന്തിനെയും ദൈവം നോക്കുന്നത് പ്രത്യാശയോടെയാണ് നിരാശപ്പെടാനും തളർന്നു പോകാനും ഒത്തിരി കാരണങ്ങളൊക്കെ പറഞ്ഞ് നമുക്ക് തളർന്നുപോകാം. പക്ഷേ പാടില്ല.

ദൈവത്തെ നോക്കി ജീവിക്കുമ്പോൾ പ്രത്യാശയിലാണ് നാം മുന്നേറുന്നത്. ദൈവം അത് വാഗ്ദാനം ചെയ്തിട്ടുണ്ട്.

സ്നേഹത്തിന്റെയും സമാധാനത്തിന്റെയും സന്തോഷത്തിന്റെയും പ്രത്യാശയുടെയും ആത്മാവ് ഓരോ ഹൃദയങ്ങളിലും രൂപം കൊള്ളണം. ദൈവം നല്കുന്ന പോസിറ്റീവ് എനർജിയാണത്. അങ്ങനെ ജീവിതത്തിൽ പുതിയ പുതിയ ഐശ്വര്യത്തിന്റെ സാമധാനത്തിന്റെ വഴികൾ ദൈവം തുറന്നുതരും. അതുകൊണ്ട് പ്രത്യാശിക്കുക. പ്രത്യാശ ആരെയും നിരാശരാക്കില്ല. ദൈവത്തിന്റെ മാറ്റമില്ലാത്ത ശബ്ദമാണത്.

## സമാധാനം നിങ്ങളോട് കൂടെ

ഉയിർപ്പിനുശേഷം യേശു ഓരോ അവസരത്തിലും പ്രത്യക്ഷപ്പെട്ടത് സമാധാനം ആശംസിക്കാനും അത് മനുഷ്യഹൃദയങ്ങളിൽ സ്ഥാപിക്കുവാനുമായിരുന്നു. ഉയിർപ്പിന്റെ അരൂപി ജീവിതത്തിൽ പകർത്തുവാൻ ഞാൻ എന്തുചെയ്യണം.....?

ഒന്നാമത്, എന്റെ സമാധാനത്തിനു വേണ്ടി ഞാൻ യത്നിക്കണം. വിശുദ്ധമായ സന്തോഷത്തിലേക്കും ഹൃദയസമാധാനത്തിലേക്കും ജ്ഞാന സ്നാനം എന്നെ ആഹ്വാനം ചെയ്തു. അതിസ്വാഭാവിക ദാനങ്ങളോടൊപ്പം കർത്താവ് എനിക്കായി കൊണ്ടുവന്നതാണ് ഈ സമാധാനവും ദൈവമക്കൾക്കടുത്ത സ്വാതന്ത്ര്യവും. ക്രിസ്തുവിന്റെ സ്നേഹം നിറഞ്ഞിരിക്കുന്നവർക്ക് ദൈവികമായ സന്തോഷത്തിന്റെ വേലിയേറ്റവും ഉണ്ടാകും.

എനിക്കു സമാധാനം ഉണ്ടാകാൻ വേണ്ടി അവിടുന്നു പ്രാർത്ഥിച്ചു. “നിങ്ങൾക്കു ഞാൻ സമാധാനം തരുന്നു. ലോകം തരുന്നതുപോലെയല്ല.” ഇതു ദൈവ സ്നേഹത്തിന്റെ സമാധാനവും, സന്തോഷവുമാണ്, മനസ്സാക്ഷിയുടെ സ്വർഗ്ഗീയ സ്വച്ഛതയാണ്, പിതാവായ ദൈവത്തിന്റെ അരുമകുമാരന്റെ സൗഭാഗ്യമാണ്.

രണ്ടാമത് എന്റെ അയൽക്കാരന്റെ, കൂട്ടുകാരന്റെ സമാധാനത്തിനുവേണ്ടി ഞാൻ യത്നിക്കണം.

സമൂഹത്തിന്റെ ചൈതന്യം കെടുത്തുന്ന ഒരു കാര്യവും ഞാൻ ചെയ്യില്ല എന്നു തീരുമാനിക്കണം. എന്റെ പ്രയാസങ്ങളും നിരൂപണങ്ങളും മറ്റുള്ളവരുടെ സന്തോഷത്തിനു മങ്ങലേൽപ്പിക്കാൻ ഞാൻ അനുവദിക്കുകയില്ല. സമൂഹത്തിനു പ്രസന്നതയും ഉയർച്ചയും ആവേശവും പകരുന്നതു മാത്രമേ ഞാൻ പ്രകാശിപ്പിക്കുകയുള്ളൂ. നിഷേധാതമാകമെങ്കിലും സുപ്രധാനമായ ഒരു പ്രതിജ്ഞയാണിത്. ക്രിയാത്മകമായി ഞാൻ എന്റെ സമൂഹത്തിലെ അംഗങ്ങൾക്ക് ധാർമ്മികവും, സ്വഭാവാതീതവുമായ പിന്തുണ നല്കും. അവരെ പ്രസാദിപ്പിക്കുകയും ആശ്വസിപ്പിക്കുകയും ധൈര്യപ്പെടുത്തുകയും ചെയ്യും.

ലോകത്തേയും ജീവിതത്തെക്കുറിച്ച് ശരിയായ വീക്ഷണം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നവരേയും കുറിച്ചു ഞാൻ ചിന്തിക്കും. അവരുടെ സമാധാനത്തിനുവേണ്ടി ഞാൻ പ്രാർത്ഥിക്കും. ദൈവമേ...അസത്യത്തിൽ നിന്നും അസമാധാനത്തിൽ നിന്നും വിശപ്പിൽ നിന്നും യുദ്ധങ്ങളിൽ നിന്നും എല്ലാസമാധാനമില്ലായ്മകളിൽ നിന്നുമെല്ലാം ഞങ്ങളെ കാത്തുകൊള്ളണമേ.......................

## എന്തു നല്കും ഞാൻ യേശുവിന്

എന്നുമെന്നുമെൻ യേശു സദ് ഗുരോ
എന്തു നല്കിടും സ്നേഹ സാന്ത്വനങ്ങൾക്കായ്
പുലരിയെത്തിയാൽ ഞാനുണരും നേരമേ.....
അരികിലായി നീ വന്നു സ്നേഹമാകുന്നു.

ദിവസമെത്രയോ കടന്നു പോകുമ്പോൾ
അറിയുന്നുണ്ട് ഞാൻ നിന്റെ കരുതലെത്രയോ
അപകടങ്ങളിൽ നിന്നു രക്ഷനല്കുന്നു
അരികിലെപ്പൊഴും താങ്ങി ശക്തിനല്കുന്നു

ഭയദിനങ്ങളിൽ കൂടെ കൂട്ടിരിക്കുന്നു
കരയുന്നേരമെൻ ദുഃഖമറിയുന്നുണ്ടല്ലോ
മിഴിതുടച്ചെന്നെ മാറിൽ ചേർത്തണയ്ക്കുന്നു
വിജയം നല്കുന്നുയെന്തുനല്കുവാനീ ഞാൻ

ജനനം തന്നു നീ ബുദ്ധിശക്തി തന്നു നീ
പ്രിയ ജനങ്ങളായച്ഛനമ്മയെ തന്നു
ഇനിയെനിക്കു നിൻ വചനധാരയിൽ നിത്യം
അലിയുവാനായെൻ ജീവൻ നല്കിടുന്നിതാ

REG NO. 337/14/15/ AL-86 TC III
MONTHLY MALAYALAM
REGD. NO. KL/TV(S)/142/2009-11
Posted at Trivandrum RMS on 25th, 26th every month
LICENSE NO. - TECH/53/2009-2011 'LICENSED TO POST WITHOUT PRE PAYMENT'

# സഭയുടെ വളർച്ചയ്ക്കുള്ള സവിശേഷ സന്ദേശവുമായി കാന്റർബറി ആർച്ച് ബിഷപ്പ് കേരളത്തിൽ

"ക്രിസ്തുവിന്റെ ശരീരമായിരിക്കുന്ന സഭ സമൂഹത്തിൽ ആധിപത്യം സ്ഥാപിക്കുവാനോ, ഉന്നത ഭാവത്തോടെ പെരുമാറുവാനോ അല്ല നിലകൊള്ളേണ്ടത്; ചുറ്റുമുള്ള സമൂഹത്തെ മുഴുവൻ ശുശ്രൂഷിക്കുവാനായിട്ടാണ്."



കാന്റർബറി ആർച്ച് ബിഷപ്പ് തന്റെ സ്ഥാന വേഷത്തിൽ

തന്റെ ഭാരത സന്ദർശനത്തിനിടെ 2010 ഒക്ടോബർ 22 മുതലുള്ള കേരള സന്ദർശന വേളയിൽ സി.എസ്.ഐ. ദക്ഷിണ കേരള മഹായിടവകയുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നടന്ന പൊതു സമ്മേളനത്തിൽ ശ്രീ ഉത്രാടം തിരുനാൾ മാർത്താണ്ഡവർമ്മ മഹാരാജാവിന്റെയും, സമൂഹത്തിലെ മറ്റു പ്രമുഖ വ്യക്തികളുടെയും സാന്നിദ്ധ്യത്തിൽ വൻ ജനവലിയെ അഭിസംബോദന ചെയ്ത ലോകത്തിലെ അതി പ്രധാന വ്യക്തിത്വങ്ങളിൽ ഒരാളും, ആംഗ്ലിക്കൽ സഭയുടെ തലവനുമായ കാന്റർബറി ആർച്ച് ബിഷപ്പ് മോസ്റ്റ് റവ. റൈറ്റ് ഡോ. റോവൻ വില്ല്യംസിന്റെ വാക്കുകളാണിവ. തുടർന്ന്, വളരുന്ന സഭയ്ക്ക് അത്യാവശ്യമായ മൂന്നു കാര്യങ്ങൾ അദ്ദേഹം കേരളത്തിലെ വിശ്വാസ സമൂഹത്തിനു നല്കി.

## പ്രാർത്ഥിക്കുന്ന സഭ

നിരന്തരം പ്രാർത്ഥിക്കുകയും ധ്യാനത്തോടെ ദൈവത്തിൽ ആശ്രയിക്കുകയും ചെയ്യുന്ന സഭക്കു മാത്രമേ വളർച്ച ഉണ്ടാവുകയുള്ളു.

## ചോദ്യം ചെയ്യുന്ന സഭ

നമ്മുടെ ജീവിതവും പ്രവർത്തനവും ശരിയാണോ എന്നു സ്വയം ചോദ്യം ചെയ്യുകയും; മറ്റുള്ളവരുടെ ആവശ്യങ്ങളെപ്പറ്റി, അവർ എന്തൊക്കെ കഷ്ടങ്ങൾ ആഭിമുഖീകരിക്കുന്നു എന്നതിനെപറ്റി ചോദ്യങ്ങൾ ചോദിച്ചുകൊണ്ടിരിക്കുകയും ചെയ്യുക. ഇതാണ് വളരുന്ന സഭയുടെ സ്വഭാവരീതി.

ഈ ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം മനസ്സിലാക്കി, അതിനുള്ള പരിഹാരം ക്രിസ്തുവിൽ കണ്ടെത്തുമ്പോൾ സഭ യഥാർത്ഥമായി വളരുന്നു.

## സ്വാർത്ഥതയില്ലാത്ത സഭ

സ്വയം നിലനില്പിനായല്ല, സ്വയ വളർച്ചയ്ക്കായുമല്ല, ദൈവത്തിന്റെ നിസ്വാർത്ഥ സ്നേഹം ലോകം മുഴുവനും എത്തിക്കുവാനായി പോരാടുന്ന സഭയാണ് വളരുന്ന സഭ.

പ്രാർത്ഥനയോടെ, ദൈവത്തിൽ ആശ്രയം വച്ച്, കുറവുകൾ തിരുത്തുവാൻ സ്വയമായും, നന്മ പകർന്നു നൽകുവാനായി മറ്റുള്ളവരെപ്പറ്റിയും ചോദ്യങ്ങൾ ചോദിച്ച്, ദൈവത്തിന്റെ നിസ്വാർത്ഥ സ്നേഹം പരത്തി മാനവ ജനതയെ ശുശ്രൂഷിച്ച് സ്വയം ഇല്ലാതെയായി തീരുന്ന സഭയാണ് ദൈവേഷ്ട പ്രകാരം വളരുന്ന സഭ.



വിശ്വാസികളെ അഭിസംബോധന ചെയ്യുന്ന ആർച്ച് ബിഷപ്പ് ഡോ. റോവൻ വില്യംസ്

കേരളത്തിൽ മാർത്തോമാ സഭയുടെയും, ഇതര സഭാ മേലദ്ധ്യക്ഷന്മാരുടെയും സംയുക്ത പ്രതിനിധി സമ്മേളനത്തെയും അഭിസംബോധന ചെയ്ത കാന്റർബറി ആർച്ച് ബിഷപ്പ് ബഹു. മന്ത്രിമാരുൾപ്പടെയുള്ള നേതാക്കന്മാരുമായും കൂടിക്കാഴ്ച നടത്തിയശേഷം ഒക്ടോബർ 29-ന് ഇംഗ്ലണ്ടിലേക്കു മടങ്ങി.


# ഗ്രെയ്സ് മിനിസ്ട്രീസ് ഒഫ് ഇന്ത്യ




ഇന്ത്യയിലും അയൽരാജ്യങ്ങളായ നേപ്പാൾ, ഭൂട്ടാൻ, ബംഗ്ലാദേശ് എന്നിവിടങ്ങളിലുമായി ഗ്രെയ്സ് മിനിസ്ട്രീസ് ഒഫ് ഇന്ത്യ അനവധി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി വരുന്നു. താങ്കൾക്കും ഇതിൽ പങ്കാളിയാകാം.

ഗ്രെയ്സ് ഫെസ്റ്റുകൾ




ക്രിസ്തുകൃപ ആശ്രമങ്ങൾ



പബ്ലിക്കേഷൻസ്




സഞ്ചരിക്കുന്ന കൂടാര ശുശ്രൂഷ



ഹാപ്പി ഫാമിലി മിഷൻ




സൗജന്യ വിദ്യാഭ്യാസ പരിപാടികൾ



റസിഡൻഷ്യൽ മിഷണറി പ്രവർത്തനങ്ങൾ



മാസിക പ്രവർത്തനങ്ങൾ




- ★ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ഗ്രെയ്സ്
- ★ ആതുര സേവനങ്ങൾ
- ★ ഹന്നാ ഇൻസ്റ്റിറ്റ്യൂട്ട്
- ★ ഡിസൈപ്പിൾസ് ഫെല്ലോഷിപ്പ്
- ★ ഡിസൈപ്പിൾസ് ഫാമിലി ഫെല്ലോഷിപ്പ്
- ★ പ്രമോഷണൽ ബാന്റ്
- ★ പ്രെയർ സെല്ലുകൾ

Grace Ministries of India, Nanthancode, Thiruvananthapuram - 695 003 ☎ 0471 - 2311439
E-mail : graceministriesofindia@yahoo.com || Web Site : www.graceindia.in
A/C No. 009901000020000 (I.O.B, Main Branch, Statue, Trivandrum)